2023
AUGUST
12
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഹവായിയിൽ ആളിപ്പടർന്ന് കാട്ടുതീ: മരണസംഖ്യ 55 ആയി

**കഹുലുയി (ഹവായ്) :** അമേരിക്കയിലെ ഹവായ് ദ്വീപസമൂഹത്തിന്റെ ഭാഗമായ മൗവി കൗണ്ടിയിൽ കാട്ടുതീയിൽ മരിച്ചവരുടെ എണ്ണം 55 ആയി ഉയർന്നു. ദ്വീപിന്റെ പടിഞ്ഞാറ് ഭാഗത്തെ വാർത്താവിനിമയ സംവിധാനങ്ങളും വൈദ്യുതി വിതരണവും പൂർണമായി മുടങ്ങിയതോടെ ഇവിടുത്തെ രക്ഷാപ്രവർത്തനം ദുഷ്കരമായിരിക്കുകയാണ്. ആയിരത്തോളം പേരെ മേഖലയിൽ കാണാതായെന്നാണ് അനൗദ്യോഗിക വിവരം. മൃതദേഹങ്ങൾ കണ്ടെത്താൽ പരിശീലനം ലഭിച്ച നായ്ക്കൾ കലിഫോർണിയയിൽനിന്നും വാഷിങ്ടൗണിൽനിന്നും മൗവിയിലെത്തിയിട്ടുണ്ടെന്ന് ഫെഡറൽ എമർജൻസി മാനേജ്മെന്റ് ഏജൻസി അറിയിച്ചു.

കാട്ടുതീ പടർന്നതോടെ മേഖലയിലേക്കുള്ള റോഡുകളും അടച്ചിരിക്കുകയാണ്. സന്നദ്ധ സേനകൾ ബോട്ടുകളിൽ കടൽ മാർഗവും അഗ്നിരക്ഷാസേന ഹെലികോപ്റ്ററുകളിലുമാണ് അവശ്യസാധനങ്ങൾ പ്രദേശത്ത് എത്തിച്ചു നൽകുന്നത്. നാവികസേന, കോസ്റ്റ് ഗാർഡ്, അഗ്നിശമന സേന എന്നിവയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

വ്യാഴാഴ്ച പടർന്നു പിടിച്ച തീയിൽനിന്ന് രക്ഷ നേടാൻ ആളുകൾ പസിഫിക് സമുദ്രത്തിലേക്കു ചാടി. ഇവരിൽ പലരെയും കോസ്റ്റ്ഗാർഡ് രക്ഷപ്പെടുത്തി. മൗവി കൗണ്ടിയിലെ ചരിത്രപ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ ലഹൈന പൂർണമായും ചാരമായ അവസ്ഥയിലാണ്. ഹവായിൽനിന്ന് ഏറെ അകലെ രൂപം കൊണ്ട ഡോറ ചുഴലിക്കാറ്റ് തീനാളങ്ങളെ ആളിക്കത്തിച്ചതാണ് വ്യാപകനാശം വിതച്ചത്. വേനൽച്ചൂടിൽ ഉണക്കപ്പുല്ലുകളിൽനിന്നാണു തീ തുടങ്ങിയതെന്നു കരുതുന്നു.

# ക്രിമിനൽ നിയമങ്ങളിൽ സമഗ്ര പരിഷ്കരണം; പുതിയ ബിൽ ലോക്സഭയിൽ

**ന്യൂദൽഹി:** ഇന്ത്യൻ ശിക്ഷാ നിയമം (ഐപിസി) സംബന്ധിച്ച പുതിയ ബിൽ രാജ്യദ്രോഹ കുറ്റം പൂർണമായും റദ്ദാക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ലോക്സഭയിൽ പറഞ്ഞു. ഐപിസി, ക്രിമിനൽ നടപടി ചട്ടം (സിആർപിസി), ഇന്ത്യൻ എവിഡൻസ് ആക്ട് എന്നിവയ്ക്ക് പകരമായി മൂന്ന് ബില്ലുകൾ ഷാ ലോക്സഭയിൽ അവതരിപ്പിച്ചു. ബില്ലുകൾ പാർലമെന്ററി സ്റ്റാന്റിങ് കമ്മിറ്റിക്ക് വിടും.



നിലവിൽ രാജ്യത്തുള്ള ക്രിമിനൽ നിയമങ്ങൾ ബ്രിട്ടീഷുകാരുണ്ടാക്കിയതാണ്. ഇതിന് മാറ്റമുണ്ടാകണം. പുതിയ ബില്ലിനു കീഴിൽ ഞങ്ങൾ രാജ്യദ്രോഹം പോലുള്ള നിയമങ്ങൾ റദ്ദാക്കുകയാണെന്ന് ഹൗസിൽ മൂന്ന് ബില്ലുകളെക്കുറിച്ച് സംസാരിക്കവെ അമിത് ഷാ പറഞ്ഞു. രാജ്യം ഓഗസ്റ്റ് 16 മുതൽ സ്വാതന്ത്ര്യത്തിന്റെ 75 മുതൽ 100 വർഷം വരെയുള്ള ഘട്ടത്തിലേക്ക് കടക്കുകയാണ്. ഈ കാലസമയത്തു തന്നെയാണ് അടിമത്ത മാനസികാവസ്ഥ അവസാനിപ്പിക്കുമെന്ന് പ്രധാനമന്ത്രി പ്രതിജ്ഞയെടുത്തും.

ഇതിന്റെ ഭാഗമാണ് ഐപിസി (1857), സിആർപിസി (1858), ഇന്ത്യൻ എവിഡൻസ് ആക്ട് (1872) എന്നിവ അവസാനിപ്പിക്കുന്നതും. ഇതിനു പകരം ജനങ്ങളുടെ അവകാശ സംരക്ഷണം ഉറപ്പാക്കാൻ തങ്ങൾ മൂന്ന് പുതിയ നിയമങ്ങൾ കൊണ്ടുവരുകയാണ്. ശിക്ഷയല്ല നീതി നൽകാനാണ് അത് ലക്ഷ്യമിടുന്നതെന്നും അമിത് ഷാ പറഞ്ഞു. ക്രിമിനൽ നിയമങ്ങളിലെ അടിമത്തത്തിന്റെ 475 അടയാളങ്ങൾ സർക്കാർ അവസാനിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആളുകളിപ്പോൾ ഭയപ്പാടോടെയാണ് കോടതിയിൽ പോകുന്നത്. കോടതിയിൽ പോകുന്നത് ശിക്ഷയാണെന്നാണ് അവർ കരുതുന്നതും അദേഹം പറഞ്ഞു

## വിവാഹേതര ബന്ധം, സ്വവർഗ ബന്ധം കുറ്റകരമാക്കുന്ന വകുപ്പ് ഒഴിവാക്കി

**ന്യൂഡൽഹി:** വിവാഹേതര ബന്ധം, സ്വവർഗ ബന്ധം തുടങ്ങിയവ കുറ്റകരമാക്കുന്ന വകുപ്പുകൾ കേന്ദ്ര സർക്കാർ ഭാരതീയ ശിക്ഷ നിയമം സംബന്ധിച്ച ബില്ലിൽ നിന്നൊഴിവാക്കി. സുപ്രധാന വിധികളിലൂടെ ഭരണഘടനാവിരുദ്ധമെന്നു സുപ്രീം കോടതി ചൂണ്ടിക്കാട്ടിയതാണ് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ഇതു സംബന്ധിച്ച വകുപ്പുകൾ. മറ്റൊരാളുടെ ഭാര്യയുമായുള്ള ലൈംഗിക ബന്ധം കുറ്റകരമാക്കുന്ന 497ാം വകുപ്പും സ്വവർഗബന്ധം കുറ്റകരമാക്കുന്ന 377ാം വകുപ്പും ഭരണഘടനാവിരുദ്ധമെന്നായിരുന്നു 2018 ലെ വ്യത്യസ്ത വിധികളിലൂടെ സുപ്രീം കോടതി വ്യക്തമാക്കിയത്.

അതേസമയം, വിവാഹബന്ധത്തിലെ ബലമായ ലൈംഗികവേഴ്ച സംബന്ധിച്ച വിവാദ വ്യവസ്ഥ പുതിയ ബില്ലിലും നിലനിർത്തി. ബില്ലിലെ 63ാം വകുപ്പിലാണ് ഇതുള്ളത്. പ്രായപൂർത്തിയായ (18 വയസ്സിനു മുകളിലുള്ള) സ്വന്തം ഭാര്യമായുള്ള ലൈംഗികബന്ധം, ലൈംഗിക പ്രവൃത്തികൾ എന്നിവ പീഡനപരിധിയിൽ വരില്ലെന്നാണ് ഇതിലുള്ളത്. ഫലത്തിൽ ഭാര്യയ്ക്ക് 18 വയസ്സിനു താഴെയാണു പ്രായമെങ്കിൽ ഇതു പീഡനമാകും. നിലവിലെ ഐപിസിയിൽ ഭാര്യയ്ക്ക് 15 വയസ്സിനു താഴെയാണു പ്രായമെങ്കിൽ മാത്രമാണ് പീഡനത്തിന്റെ പരിധിയിൽ വരിക. ഇതിനെതിരെ ഹൈക്കോടതികളിലും സുപ്രീം കോടതിയിലും കേസുകൾ നിലനിൽക്കുന്നുണ്ട്. പുതിയ ബിൽ അംഗീകരിക്കപ്പെട്ടാൽ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ വകുപ്പുകൾ ശിക്ഷാനിയമത്തിൽ ഇനി ഒറ്റ അധ്യായനത്തിനു കീഴിലാകും. ബില്ലിലെ 5ാം അധ്യായത്തിലാണ് ഇവ ഉൾപ്പെടുത്തിയിരിക്കുന്നത്. ലൈംഗികാതിക്രമം, അക്രമം, വിവാഹവുമായി ബന്ധപ്പെട്ടവ, ഗർഭം അലസിപ്പിക്കൽ, കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഈ അധ്യായം.

## യുഎസ് പണപ്പെരുപ്പം; നേരിയ വർധന



**വാഷിങ്ടൻ:** അമേരിക്കയിൽ ഉപഭോക്തൃ വിലയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം ഉയർന്നു. 3.2 ശതമാനമാണ് മുൻ വർഷം ഇതേ മാസവുമായി താരതമ്യം ചെയ്യുമ്പോഴുള്ള വർധന. മുൻ മാസത്തെക്കാൾ 0.2 % വർധന. പണപ്പെരുപ്പം നേരിയ തോതിൽ ഉയർന്നെങ്കിലും അടുത്ത മാസം നടക്കുന്ന ഫെഡറൽ റിസർവ് പണനയ അവലോകന യോഗത്തിൽ പലിശ നിരക്കുകളിൽ മാറ്റം വരുത്തിയേക്കില്ല എന്നാണു സൂചന. പണപ്പെരുപ്പം 2 ശതമാനത്തിലേക്ക് എത്തിക്കുകയാണ് ഫെഡ് റിസർവിന്റെ ലക്ഷ്യം. കഴിഞ്ഞ വർഷം ആദ്യം 9.1 ശതമാനത്തിലേക്കു നിരക്ക് ഉയർന്നിരുന്നു.





# നെഹ്റു ട്രോഫി ജലോത്സവത്തിന്റെ ആരവത്തിൽ പുന്നമട

**ആലപ്പുഴ:** ഇന്നത്തെ പൂരം കൺനിറയെ കാണാനുള്ള നിശ്ചലദൃശ്യമല്ല. തിരപ്പുറത്തു കുതിച്ചു പായുന്ന കരിവീരൻമാരുടെ പടയോട്ടമാണ്. അഴകിന്റെ, കരുത്തിന്റെ മിന്നായം. ഇലത്താളമല്ല, തുഴത്താളമിട്ട് 72 വള്ളങ്ങൾ പല പങ്കായി മത്സരിക്കുന്ന ജലപ്പൂരം. പുരുഷാരത്തെ കരയിലിരുത്തി ഈ പൂരം നിമിഷങ്ങളെണ്ണി പാഞ്ഞു മറയും. നെഹ്റു ട്രോഫി ജലോത്സവം വിസ്തരിച്ച് ആസ്വദിക്കാനുള്ള വിരുന്നല്ല. ഇമ വെട്ടാതെ നോക്കിയിരുന്നാൽ മാത്രം കാണാവുന്ന വേഗത്തിന്റെ പൂരമാണ്. ഇന്നാണു പുന്നമടയിൽ ആവേശം ചുഴി കുത്തുന്നത്. പല നാടുകളിൽനിന്നു കുത്തിയൊഴുകുന്ന വള്ളംകളിപ്രേമം കരകളിൽ അമർന്നു നിൽക്കും. നടുക്ക്, 1.21 കിലോമീറ്ററിൽ നിവർന്നു കിടക്കുന്ന പുന്നമട നെട്ടായത്തിലെ നാലു ട്രാക്കുകളിൽ ജലയാനങ്ങളുടെ അശ്വമേധം.

ഇന്നുച്ചയ്ക്കു ശേഷം ട്രാക്കുകൾ ഉണരും. കരയിലെ ആർപ്പുവിളികൾക്കു കാതു നൽകില്ല തുഴക്കാർ. വള്ളത്തിന്റെ മുന മാത്രം നോക്കി അവർ തിര കീറിപ്പായും. ചിറ്റോളങ്ങളിൽ പങ്കായം വീഴുന്ന കണക്കു മാത്രമാണ് അവർക്കു താളം. കുതിരശക്തിയുടെ കണക്കിനും മേലേ നിൽക്കുന്ന കൈക്കരുത്തിൽ ഏതാനും മിനിറ്റ് കൊണ്ട് അവർ ഫിനിഷിങ് പോയിന്റ് കടക്കും. ശ്വാസം പിടിക്കാതെ കാണാനുള്ളതു മാസ് ഡ്രില്ലാണ്. കളത്തിലിറങ്ങുന്ന വള്ളങ്ങൾ നെഹ്റു പവിലിയനു നേരെ നിരന്നു താളത്തിൽ തുഴയുയർത്തുന്നത് കുടമാറ്റം പോലെ മനോഹരമായ കാഴ്ചയാണ്. നിറങ്ങളും താളവും ഒന്നാകുന്ന നിമിഷങ്ങൾ. ചിറ്റോളങ്ങളിൽ പോക്കുവെയിൽ പൊന്നുരുക്കുന്ന സുവർണ നിമിഷങ്ങളിൽ കായലിലെ കാർണിവൽ അരങ്ങേറും. അന്തിച്ചോപ്പു പടരുമ്പോഴേക്കും കായലിനെ ഉഴുതുമറിച്ചു ചുണ്ടൻ വള്ളങ്ങളുടെ തേരോട്ടം കഴിയും.

ഓരോ വർഷവും കൂടുതൽ കാണികളെ ആകർഷിക്കുന്ന, വർണങ്ങളുടെയും വേഗത്തിന്റെയും വിരുന്നാണത്. ഇത്തവണത്തേത് 69ാമതു ജലോത്സവം. കായലിലെ ഉത്സവക്കാഴ്ചയുടെ കേളികൊട്ടായി പല കലാവിരുന്നുകളും മത്സരങ്ങളും നടന്നു കഴിഞ്ഞു. പുന്നമടയിൽ ഇന്നുമുണ്ട് കലാ, കായിക അഭ്യാസങ്ങളുടെ അരങ്ങേറ്റം. നെഹ്റു പവിലിയനിൽ ഉദ്ഘാടന ചടങ്ങു നടക്കും. മറുകരയിലെ ഗ്യാലറികളിലും ആവേശം നുരയിടും. ഇത്തവണ 9 വിഭാഗങ്ങളിലായി 72 വള്ളങ്ങളാണു മത്സരിക്കുന്നത്. ചുണ്ടൻവള്ളങ്ങളാണു കൂടുതൽ 19. ചുരുളൻ, ഇരുട്ടുകുത്തി (3 വിഭാഗം), വെപ്പ് (2 വിഭാഗം), തെക്കനോട് (2 വിഭാഗം) എന്നിങ്ങനെ ചെറുവള്ളങ്ങളും കുതിക്കും. തെക്കനോടി വള്ളങ്ങൾ തുഴയുന്നതു വനിതകൾ. വള്ളം തുഴയുന്ന കുട്ടിയാന കേശുവാണ് ഇത്തവണത്തെ ഭാഗ്യചിഹ്നം.

## കരിച്ചൽ കായൽ ഇക്കോ ടൂറിസം പദ്ധതി യഥാർത്ഥ്യത്തിലേക്ക്

**തിരുവനന്തപുരം:** അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സ്വപ്ന പദ്ധതിയായ കരിച്ചൽ കായൽ ഇക്കോ ടൂറിസം പദ്ധതിക്ക് തുടക്കമായി. ഒന്നാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ നിർവഹിച്ചു.

കായലിന്റെ വശങ്ങളിൽ സ്വകാര്യവ്യക്തികൾ കയ്യടക്കിയിരുന്ന രണ്ടരേക്കറോളം ഭൂമി പദ്ധതിയുടെ ഭാഗമായി വീണ്ടെടുത്തു. ഇരുവശത്തും ടൈൽപാകിയ നടപ്പാത, കുടിവെള്ള സൗകര്യം, ഇരിപ്പിടം, ബോട്ടുയാത്ര എന്നിവയാണ് പദ്ധതിയിലുള്ളത്. ഇരുകരകളിലുമായി 10,000 മുളത്തൈകൾ വച്ച്പിടിപ്പിക്കും. ആദ്യഘട്ട നിർമാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിക്കുന്നത്. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.വി മൻമോഹൻ അധ്യക്ഷത വഹിച്ചു. വൈസ്പ്രസിഡന്റ് സുനിത റാണി ബി. ബി, അതിയന്നൂർ, കരുംകുളം, കാഞ്ഞിരംകുളം, വെങ്ങാനൂർ, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാർ, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അജയഘോഷ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



## വികസനപരമായ മാറ്റങ്ങൾ സൃഷ്ടിക്കാനുള്ള ശക്തമായ ആയുധം വിദ്യാഭ്യാസം: ജില്ലാ കളക്ടർ

**പത്തനംതിട്ട:** സമൂഹത്തിൽ വികസനപരമായ മാറ്റങ്ങൾ സൃഷ്ടിക്കാനുള്ള ഏറ്റവും ശക്തമായ ആയുധം വിദ്യാഭ്യാസം തന്നെയാണെന്ന് ജില്ലാ കളക്ടർ ഡോ.ദിവ്യ എസ് അയ്യർ പറഞ്ഞു. പട്ടികവർഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശീയ ജനതയുടെ അന്തർദേശീയദിന വാരാചാരണത്തോടനുബന്ധിച്ച് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യുവസംഗമത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കളക്ടർ. ശരിയായ ദിശാബോധത്തോടെ സഞ്ചരിച്ചാൽ മാത്രമേ സമൂഹത്തിൽ മുന്നേറാൻ കഴിയുകയുള്ളു. തദ്ദേശീയ ജനതയെ വിദ്യാഭ്യാസത്തിലൂടെ ഉന്നതിയിലെത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കളക്ടർ പറഞ്ഞു.

വിദ്യഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള സേവനങ്ങളും ആനുകൂല്യങ്ങളും തദ്ദേശീയ ജനതയ്ക്ക് നൽകുന്നുണ്ട്. ലക്ഷ്യബോധത്തോടെയുള്ള വിദ്യാഭ്യാസം ഊരുകളുകളിലെ കുട്ടികൾക്കും ഇതിലൂടെ ലഭിക്കുന്നു. തൊഴിൽ സാധ്യത നിരവധി പരിശീലനങ്ങൾ തുടർ വിദ്യഭാസ പ്രക്രിയയായി നൽകി വരുന്നു. തുല്യഅവസരമൊരുക്കി എല്ലാ ജനവിഭാഗങ്ങളെയും സമൂഹത്തിന്റെ മുൻധാരയിലേക്ക് എത്തിക്കേണ്ടതുണ്ട്. അട്ടത്തോട് ജനതയ്ക്കായുള്ള ട്രൈബൽ സ്കൂൾ ഉടൻ യാഥാർഥ്യമാകുമെന്നും കളക്ടർ പറഞ്ഞു.

## ഫ്രീഡം ഫെസ്റ്റ് ഇന്നുമുതൽ

**തിരുവനന്തപുരം:** നിർമിതബുദ്ധി, ഓഗ്മെന്റഡ് റിയാലിറ്റി, വിർചൽ റിയാലിറ്റി, ക്രിപ്റ്റോ കറൻസി, മെഷിൻ ലേണിങ്, ഇന്റർനെറ്റ് ഓഫ് തിങ്സ് എന്നിങ്ങനെ വിവിധ മേഖലകളിലെ പുതിയ സാങ്കേതിക സംവിധാനങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനുള്ള വേദിയാണ് ഫ്രീഡം ഫെസ്റ്റിവൽ. നവസാങ്കേതിക വിദ്യകളുടെ, നൂതനത്വത്തിന്റെ, സ്വതന്ത്ര വിജ്ഞാനത്തിന്റെ ഉത്സവമെന്ന നിലയിലാണ് പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ഓഗസ്റ്റ് 12 മുതൽ 15 വരെ ഈ മേഖലകളിൽ ഉൾപ്പെടെ നിരവധി വിഷയങ്ങളിൽ നാല്പതോളം സെമിനാറുകളും ശില്പശാലകളും നടക്കും. ജീനോമിക്സ്, ഇ ഗവേണൻസ്, ഓപ്പൺ മെഡിക്കൽ ടെക്നോളജികൾ, ഡിജിറ്റൽ വിദ്യാഭ്യാസം, ബയോ ഇൻഫർമാറ്റികസ്, സൈബർ നിയമങ്ങൾ, ഡിജിറ്റൽ സുരക്ഷ, ടെക്നോളജിയും മാധ്യമ സ്വാതന്ത്ര്യവും, കേരളത്തിന്റെ എൻറർപ്രൈസ് ആർക്കിടെക്ചർ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യും. സ്ക്രൈബസ്, ഓപ്പൺ സ്ട്രീറ്റ് മാപ്പ് തുടങ്ങി സ്വതന്ത്ര സോഫ്റ്റ് വെയറിൽ പ്രവർത്തിക്കുന്ന വിവിധ ടൂളുകൾ പരിചയപ്പെടുത്തുകയും ഇവ കൂടുതൽ മെച്ചപ്പടുത്തുന്നതിനുള്ള സാധ്യതകൾ, നിർദേശങ്ങൾ എന്നിവ ക്രോഡീകരിക്കുകയും ചെയ്യും. മലയാളത്തിലെ ശാസ്ത്രമെഴുത്തുകാർക്കുള്ള ശില്പശാലയും രാജ്യത്തിനകത്തും പുറത്തുമുള്ള പ്രശസ്തരും പ്രഗൽഭരുമായ വ്യക്തികളുടെ സെഷനുകളും ഫെസ്റ്റിവലിന്റെ പ്രത്യേകതയാണ്.

നവീന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന സ്റ്റാർട്ടപ്പ് പ്രദർശനങ്ങളുണ്ടാകും. അൻപതോളം സ്റ്റാളുകളാണുള്ളത്. സ്റ്റാർട്ടപ് സംരംഭങ്ങൾക്കും ഫെസ്റ്റിവലിൽ വിവിധ ആശയങ്ങൾ സ്വീകരിക്കാൻ കഴിയും. കേരളത്തിലെ വിവിധ പ്രൊഫഷണൽ കോളജുകളിൽ നിന്നായി ഐഡിയാത്തോണിലൂടെ തിരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിലധികം വിദ്യാർഥികൾ പങ്കെടുക്കുന്ന യങ് പ്രൊഫഷണൽ മീറ്റ് ഓഗസ്റ്റ് 12ന് നടക്കും. സാങ്കേതിക വിദ്യ, അടിസ്ഥാനസൗകര്യങ്ങൾ, വ്യവസായം, ജനസംഖ്യാ പരിവർത്തനവും അനുബന്ധ പ്രശ്നങ്ങളും, പരിസ്ഥിതിയും സുസ്ഥിരതയും, ഉന്നത വിദ്യാഭ്യാസവും മനുഷ്യശേഷിയും തുടങ്ങിയ വിഷയങ്ങൾ ഇതിന്റെ ഭാഗമായി ചർച്ച ചെയ്യും.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള നിയമസഭയുടെ മാധ്യമ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ആർ.ശങ്കരനാരായണൻ തമ്പി, സി. അച്യുതമേനോൻ നിയമസഭാ മാധ്യമ അവാർഡ്, ഇ.കെ നായനാർ, കെ.ആർ ഗൗരിയമ്മ നിയമസഭാ മാധ്യമ അവാർഡ്, ജി. കാർത്തികേയൻ, സി.എച്ച് മുഹമ്മദ് കോയ നിയമസഭാ മാധ്യമ അവാർഡ് എന്നിവയ്ക്കാണ് അപേക്ഷ ക്ഷണിച്ചത്.

50,000 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്. 2022 ജനുവരി 1നും 2022 ഡിസംബർ 31നും ഇടയിൽ പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം ചെയ്യുകയോ ചെയ്തവയ്ക്കാണ് അവാർഡ്. റിപ്പോർട്ട്/പ്രോഗ്രാമിന്റെ ആറ് പകർപ്പ് സഹിതം അപേക്ഷ സെപ്റ്റംബർ 8ന് വൈകീട്ട് 3നകം സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം 33 എന്ന വിലാസത്തിൽ ലഭിക്കണം

# നിങ്ങളുടെ കുട്ടിക്ക് കോങ്കണ്ണിന്റെ ലക്ഷണങ്ങളുണ്ടോ ? ഭയം വേണ്ട, ചികിത്സിച്ച് ഭേദമാക്കാം

ആരോഗ്യം



ഡോ. എ.ജെ നിർമൽ
(കൺസൾട്ടന്റ് പീഡിയാട്രിക് ഒഫ്താൽമോളജിസ്റ്റ്
ആസ്റ്റർ മിംസ്,
കോഴിക്കോട്)

ഒരു കാലഘട്ടത്തിൽ അറിവില്ലായ്മ മൂലം പല അന്ധവിശ്വാസങ്ങൾക്കും കാരണമായി തീർന്ന രോഗാവസ്ഥയായിയിരുന്നു കോങ്കണ്ണ് . കോങ്കണ്ണ് ഉള്ളവർക്ക് മഹാഭാഗ്യം ആണെന്ന് വിശ്വസിച്ചിരുന്ന ഒരു തലമുറയിൽ, കോങ്കണ്ണ് കാഴ്ച തടസ്സത്തിന് കാരണമായി തീർന്നത് മൂലം പഠനത്തിൽ ശോഭിക്കാതെ പോയ കുട്ടികളുടെ അനുഭവങ്ങൾ നാം കേട്ടിട്ടുണ്ടാകാം. എന്നാൽ ഇന്നത്തെ തലമുറയിൽ കേൾവി, കാഴ്ച ഇത് രണ്ടും കുട്ടിയെ സംബന്ധിച്ചിടത്തോളം മാതാപിതാക്കൾ വളരെയധികം ശ്രദ്ധ കൊടുക്കുന്ന ഒരു കാര്യമായി തീർന്നിട്ടുണ്ട്.അതേസമയം കുട്ടികളിൽ മാത്രമല്ല പ്രായമായവരിലും ഏത് സമയത്തും കോങ്കണ്ണ് പ്രത്യക്ഷപ്പെടാൻ സാധ്യതയുണ്ട് എന്നതാണ് വസ്തുത. അപ്പോൾ തന്നെ പരിശോധനക്ക് വിധേയമാക്കുകയും ചികിത്സ തേടുകയും വേണം.



### രോഗ കാരണം, രോഗ നിർണയം

കോങ്കണ്ണ് ഉള്ളവർക്ക് രണ്ട് കണ്ണും ഒരേ പോലെ ഉപയോഗിക്കാൻ കഴിയണമെന്നില്ല. പ്രത്യേകിച്ച് കാരണങ്ങളൊന്നും പറയാനില്ലെങ്കിലും കണ്ണിലെ പേശികളുടെ പ്രവർത്തനത്തിന്റെ തകരാറാണ് പ്രധാനമായും കോങ്കണ്ണിന്റെ രോഗഹേതു ആകുന്നത്. കൃത്യമായി ചികിത്സിച്ചില്ല എങ്കിൽ ശക്തിയില്ലാത്ത കണ്ണിൻറെ കാഴ്ചശക്തി കൂടുതൽ മങ്ങുന്നതിനിടയാക്കും.കൂടുതൽ കുട്ടികളിലും ജനനം മുതലേ ഉണ്ടാവുന്നതാണ് കാണാറുള്ളതാണ്. എന്നാൽ രോഗനിർണയത്തിനുള്ള കാലതാമസം മൂലമാണ് പലപ്പോഴും പരിഹരിക്കപ്പെടാതെ പോകുന്നത്. ഇത് ഒഴിവാക്കാൻ എപ്പോഴാണോ കുട്ടിക്ക് കോങ്കണ്ണുണ്ടെന്ന സംശയം ആദ്യമായി തോന്നുന്നത് അപ്പോൾ തന്നെ കുട്ടിയെ പരിശോധനക്ക് വിധേയമാക്കിയിരിക്കണം.കോങ്കണ്ണ് പരിശോധിക്കുന്നതിന് പ്രായപരിധി ഇല്ലെന്നതാണ് വസ്തുത. മുതിർന്നവരിൽ ഇത് കണ്ണിന് ഒരു വസ്തുവിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ശക്തി നഷ്ടപ്പെടുത്തുകയും ചിലപ്പോൾ ഒരു വസ്തുവിനെ കാണുന്ന രീതി മാറി കാഴ്ചാ വ്യതിയാനം ഉണ്ടാക്കാനുമിടയാകും.

### ഭയം വേണ്ട, ചികിത്സിച്ച് ഭേദമാക്കാം

കുട്ടികളിൽ ചികിത്സ വളരെ പെട്ടന്ന് ഫലവത്താകുന്നതായി കാണുന്നുണ്ട്. സ്കൂളിൽ പോകുന്ന പ്രായത്തിനു മുൻപാണെങ്കിൽ കുട്ടികൾക്ക് വളരെ പെട്ടെന്ന് ചികിത്സ നൽകാൻ സാധിക്കും. അതിന് കുട്ടികളുടെ നേത്രരോഗ വിദഗ്ധനെ അതായത് പീഡിയാട്രിക് ഒഫ്താൽമോളജിസ്റ്റിനെയാണ് കാണേണ്ടത്. കണ്ണട ധരിക്കൽ, കണ്ണുകൾക്കുള്ള വ്യായാമങ്ങൾ, പാച്ചിങ് (ഒരു കണ്ണ് മൂടിയുള്ള ചികിത്സ), കണ്ണിന്റെ പേശികളിൽ നടത്തുന്ന ശസ്ത്രക്രിയ, എന്നിങ്ങനെ വിവിധ ചികിത്സാ രീതികൾ ലഭ്യമാണ്. ചിലരിൽ കുടുംബ പാരമ്പര്യമായും കോങ്കണ്ണ് കാണപ്പെടാറുണ്ട്.കണ്ണിലെ പേശികളെ നിയന്ത്രിക്കുന്ന ഞരമ്പുകളെ ബാധിക്കുന്ന തകരാറ് മൂലം ഉണ്ടാവുന്ന കോങ്കണ്ണാണെങ്കിൽ തീവ്രപരിചരണം ആവശ്യമായി വരും. മുറിവുകളോ ചതവുകളോ മറ്റ് രോഗങ്ങളോ മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. മുതിർന്നവരിലെ കോങ്കണ്ണ് കൂടുതലും ഇങ്ങനെയുള്ളതാണ്. തകരാർ സംഭവിച്ച ഭാഗത്തേക്ക് നോക്കുമ്പോൾ മാത്രമായിരിക്കും കോങ്കണ്ണ് പ്രകടമാവുക. മറ്റ് ഭാഗങ്ങളിൽ നോക്കുമ്പോൾ കാണപ്പെടാറുമില്ല. വസ്തുക്കളെ രണ്ടായി കാണുക, പ്രത്യേക വിധത്തിൽ തല ചെരിച്ചു പിടിക്കുക, ഇടയ്ക്കിടെ തലകറക്കം ഉണ്ടാവുക എന്ന ലക്ഷണങ്ങൾ ഇതോടൊപ്പം കാണപ്പെടുന്നുണ്ടെങ്കിൽ പേശീക്ഷതം ആവാനാണ് സാധ്യത.

### മൊബൈൽ ഉപയോഗവും വില്ലൻ

അമിതമായ മൊബൈൽ ഫോൺ ഉപയോഗം മൂലവും കുട്ടികളിൽ കോങ്കണ്ണ് വരുവാൻ സാധ്യതയുണ്ട്. കോങ്കണ്ണ് മാത്രമല്ല കണ്ണിനുണ്ടാകുന്ന മറ്റ് പല പ്രശ്നങ്ങൾക്കും അമിതമായ മൊബൈൽ ഫോൺ ഉപയോഗം കാരണമാകാം. യുവ തലമുറയിലാണ് ഇത് കൂടുതലായി കണ്ടുവരുന്നത്.

## ഹവാന സിൻഡ്രോം എന്ന നിഗൂഢ രോഗത്തെ കുറിച്ച് അന്വേഷിക്കാൻ ഇന്ത്യൻ ഗവൺമെൻറ്

ക്യൂബയിലെ അമേരിക്കൻ നയതന്ത്ര ഉദ്യോഗസ്ഥരെ ബാധിച്ച നിഗൂഢ രോഗമായ ഹവാന സിൻഡ്രോമിനെ കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര ഗവൺമെൻറ്. ബെംഗളൂരു സ്വദേശിയായ എ അമർനാഥ് ചഗു എന്നയാളുടെ ഹർജി പരിഗണിച്ച കർണാടക ഹൈക്കോടതി സിംഗിൾ ബഞ്ചാണ് ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയത്. മൂന്നു മാസമാണ് അന്വേഷണത്തിനായി സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.

2016ൽ ക്യൂബയിലെ ഹവാനയിലാണ് ഈ വിചിത്ര രോഗം ആദ്യം റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ക്യൂബയിലെ അമേരിക്കൻ നയതന്ത്രജ്ഞരെയും ഉദ്യോഗസ്ഥരെയുമാണ് അന്ന് ഈ രോഗം ബാധിച്ചത്. ചെവിയിൽ വിചിത്രമായ ശബ്ദങ്ങൾ കേൾക്കുക, ചെവിയിൽ തുടർച്ചയായ മുഴക്കം, കേൾവി നഷ്ടം, തലയ്ക്കുള്ളിൽ അമിതമായ സമ്മർദം, ഓർമക്കുറവ്, കാഴ്ചയ്ക്ക് തടസ്സം, മനംമറിച്ചിൽ, തലകറക്കം, ശരീരത്തിൻറെ ബാലൻസ് നഷ്ടമാകൽ തുടങ്ങിയ ലക്ഷണങ്ങളാണ് പലർക്കും ഹവാന സിൻഡ്രോമിൻറെ ഭാഗമായി പെട്ടെന്ന് അനുഭവപ്പെട്ടത്. ഇരുന്നൂറിലധികം അമേരിക്കൻ നയതന്ത്രജ്ഞരെയും ഉദ്യോഗസ്ഥരെയും അന്നു മുതൽ ഹവാന സിൻഡ്രോം ബാധിച്ചിട്ടുണ്ടെന്ന് സിഐഎ ഡയറക്ടർ വില്യം ബേർൺസ് പറയുന്നു.

പലർക്കും ഇത് പിന്നീട് ഭേദമായെങ്കിലും അപൂർവം ചിലരിൽ തലവേദന, ഓർമക്കുറവ്, ഏകാഗ്രത കുറവ്, ഉറക്കമില്ലായ്മ, വിഷാദരോഗം, ബാലൻസ് നഷ്ടമാകൽ തുടങ്ങിയ ലക്ഷണങ്ങൾ തുടരുകയും ഇതവരുടെ സാധാരണ ജീവിതത്തെയും ഔദ്യോഗിക കൃത്യനിർവഹണത്തെയും ബാധിക്കുകയും ചെയ്തു. ഇതിൻറെ കാരണം കൃത്യമായി കണ്ടെത്താൻ സാധിച്ചില്ലെന്നതും അമേരിക്കയും ക്യൂബയും തമ്മിലുള്ള ദീർഘനാളത്തെ അവിശ്വാസവും രോഗത്തിൻറെ നിഗൂഢത വർധിപ്പിച്ചു. അതേ സമയം തങ്ങൾക്ക് ഇത്തരമൊരു രോഗത്തെ കുറിച്ച് യാതൊരു വിവരവും ഇല്ലെന്നാണ് ക്യൂബ പറയുന്നത്. 2021ൽ സിഐഎ ഡയറക്ടർക്കൊപ്പം ഡൽഹിയിലേക്ക് യാത്ര ചെയ്ത ഒരു അമേരിക്കൻ രഹസ്യാന്വേഷണ ഉദ്യോഗസ്ഥനും ഹവാന സിൻഡ്രോമിന് സമാനമായ ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

അമേരിക്കൻ പൗരന്മാരെ ലക്ഷ്യമിടുന്ന ഈ രോഗം മനഃപൂർവം സൃഷ്ടിക്കപ്പെടുന്നതാണെന്ന് അമേരിക്ക കരുതുന്നു. അമേരിക്കയുടെ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷനും സിഐഎയും സൈന്യവും നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തും സെൻറർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷനും വർഷങ്ങളായി ഇതിനെ പറ്റി അന്വേഷണം നടത്തിയിട്ടും ഹവാന സിൻഡ്രോമിൻറെ കാരണങ്ങൾ കൃത്യമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

അമേരിക്കൻ വൈസ് പ്രസിഡൻറ് കമല ഹാരിസ് കുറച്ചു നാൾ മുൻപ് സിംഗപ്പൂരിൽ നിന്ന് വിയറ്റ്നാമിലേക്ക് പറക്കേണ്ടി വന്നപ്പോൾ വിയറ്റ്നാമിലെ ഹനോയിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഹവാന സിൻഡ്രോം കമലയുടെ യാത്ര വൈകിപ്പിച്ചിരുന്നു. ചില തരം ഊർജ്ജ തരംഗങ്ങളാകാം ഹവാന സിൻഡ്രോമിന് കാരണമാകുന്നതെന്ന് അമേരിക്കയിലെ നാഷനൽ അക്കാദമീസ് ഓഫ് സയൻസസ് 2020 ഡിസംബറിൽ പുറത്തിറക്കിയ റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഒരു പ്രത്യേക ഉറവിടത്തിൽ നിന്ന് വരുന്ന റേഡിയോ ഫ്രീക്വൻസി റേഡിയേഷനാണ് ഹവാന സിൻഡ്രോമിലേക്ക് നയിക്കുന്നതെന്നും പഠന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ജില്ലാ ഭരണകൂടം

**തൊടുപുഴ:** ഓണത്തോടനുബന്ധിച്ചു പഴം, പച്ചക്കറി, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിനു ജില്ലാ ഭരണകൂടം തയാറെടുക്കുന്നു. ഇതിന്റെ ഭാഗമായി മൊത്തവ്യാപാരികളുടെയും വ്യവസായ പ്രതിനിധികളുടെയും യോഗം കലക്ടർ ഷീബ ജോർജ് വിളിച്ചു. പൊതുജനങ്ങൾക്കു സഹായകരമാകുന്ന തരത്തിൽ വ്യാപാരികളുടെ ഭാഗത്തു നിന്നു നടപടികളുണ്ടാകണമെന്നു കലക്ടർ അഭ്യർഥിച്ചു.

വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണം. മികച്ച ഉൽപന്നങ്ങൾ കുറഞ്ഞ വിലയ്ക്കു ജനങ്ങൾക്ക് ലഭ്യമാക്കുവാൻ പരമാവധി ശ്രമിക്കണം. വ്യാപാരികൾക്കു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നു ലൈസൻസ് പുതുക്കി ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനു ബന്ധപ്പെട്ടവർക്കു കർശനനിർദേശം നൽകും. അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ലീഗൽ മെട്രോളജി വകുപ്പ് പരിശോധിച്ച് ഉറപ്പാക്കും. വരും ദിവസങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ തുടരുമെന്നും താലൂക്ക് സപ്ലൈ ഓഫിസർമാർ നേതൃത്വം നൽകുമെന്നും കലക്ടർ അറിയിച്ചു.

## മേരി മാട്ടി മേരാ ദേശ് പ്രചാരണ പരിപാടിക്ക് തുടക്കമായി

**മലപ്പുറം:** മേരി മാട്ടി മേരാ ദേശ് (എൻറെ മണ്ണ്, എൻറെ രാജ്യം) ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനം പൂക്കോട്ടൂർ മൈലാടിയിൽ ജില്ലാ കളക്ടർ വി.ആർ പ്രേംകുമാർ നിർവഹിച്ചു. ആസാദി കാ അമൃത് മഹോത്സവത്തിന് സമാപനം കുറിച്ചുകൊണ്ട് ആഗസ്റ്റ് ഒമ്പത് മുതൽ 15 വരെ ദേശവ്യാപകമായി നടക്കുന്ന പരിപാടിയുടെ ഭാഗമായാണ് മേരിമാട്ടി മേരാ ദേശ് ക്യാമ്പയിൻ നടക്കുന്നത്.

പരിപാടിയിൽ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ മുഹമ്മദ് ഇസ്മയിൽ അധ്യക്ഷത വഹിച്ചു. മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കാരാട്ട് അബ്ദുറഹിമാൻ മുഖ്യാതിഥിയായി. പരിപാടിയുടെ ഭാഗമായി 75 വൃക്ഷത്തൈകൾ നട്ട് അമൃത് വാടിക നിർമ്മിച്ചു.

രാജ്യത്തിന്റെ ഐക്യത്തിനും പരമാധികാരത്തിനും വേണ്ടിയുള്ള പഞ്ച് പ്രാൺ പ്രതിജ്ഞ ജില്ലാ കളക്ടർ ചൊല്ലിക്കൊടുത്തു. നെഹ്റു യുവ കേന്ദ്ര, ത്രിതല പഞ്ചായത്തുകൾ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നാഷണൽ സർവീസ് സ്കീം, യുവജന ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും 75 വൃക്ഷത്തൈകൾ നടും.

ആഗസ്റ്റ് 16 മുതൽ ബ്ലോക്ക് തല പരിപാടികൾ സംഘടിപ്പിക്കും. പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച മണ്ണ് ഡൽഹിയിൽ പരിപാടിയിൽ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ കമറുന്നീസ, തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർ പ്രീതി മേനോൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ പി.ജി വിജയകുമാർ, തദ്ദേശ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വി.കെ മുരളി, എൻ.വൈ.കെ കോഡിനേറ്റർ ഡി. ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

## കെഫോൺ: പ്രാദേശിക കേബിൾ, ഇന്റർനെറ്റ് ഓപ്പറേറ്റർമാരുടെ സംഗമം നടത്തി

**തിരുവനന്തപുരം:** കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റായ കെഫോൺ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാദേശിക കേബിൾ / ഇന്റർനെറ്റ് ഓപ്പറേറ്റർമാരുടെ ആദ്യ സംഗമം തിരുവനന്തപുരം ഫോർട്ട് മാനർ ഹോട്ടലിൽ സംഘടിപ്പിച്ചു. വീടുകളിൽ കണക്ഷനെത്തിക്കുന്നതിനായി കേരളത്തിലെ ഇരുപതിനായിരത്തോളം വരുന്ന കേബിൾ/ ഇന്റർനെറ്റ് ഓപ്പറേറ്റർമാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് സംഗമം നടത്തിയത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ഓപ്പറേറ്റർമാർക്കായി സംഘടിപ്പിച്ച പരിപാടിയിൽ 700 ഓളം പേർ പങ്കെടുത്തു.

കെഫോൺ പദ്ധതി വിശദീകരണം, നടത്തിപ്പ് സംബന്ധിച്ച സംശയനിവാരണം എന്നിവ യോഗത്തിൽ നടന്നു. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത ഓപ്പറേറ്റർമാർക്ക് നേരിട്ട് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു. ഏകദേശം 400ലധികം പേർ ഇതുവഴി രജിസ്റ്റർ ചെയ്തു. 2500 ഓളം പേർ ഓൺലൈൻ വഴി രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

കേരളത്തിലെ 30,000 ത്തിലധികം വരുന്ന സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ മികച്ച ഇന്റർനെറ്റ് കണക്ടിവിറ്റി ഒരുക്കുകയാണ് കെഫോൺ പദ്ധതിയുടെ ഒരു ലക്ഷ്യം. സംസ്ഥാനത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങളിൽക്കൂടി ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. കോട്ടയം, പാലക്കാട്, കോഴിക്കോട് ജില്ലകളിലും ഇത്തരത്തിൽ യോഗം സംഘടിപ്പിക്കും.

# മില്ലുങ്കൽ ടൂറിസം പദ്ധതി: രണ്ടാംഘട്ട വികസനത്തോടു മുഖംതിരിച്ചു സർക്കാർ




**കാഞ്ഞിരമറ്റം:** മില്ലുങ്കൽ ജംക്ഷന്റെ മുഖച്ഛായ മാറ്റിയ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട വികസനത്തോടു മുഖംതിരിച്ചു സർക്കാർ. ആദ്യ ഘട്ടത്തിന്റെ ഉദ്ഘാടനം നടത്തി 3 വർഷം പിന്നിട്ടിട്ടും രണ്ടാം ഘട്ടത്തിനായി തുക പോലും സർക്കാർ വകയിരുത്തിയിട്ടില്ല. വിഷയം പല തവണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടും അനുകൂല നടപടി ഉണ്ടാകുന്നില്ല എന്നാണ് ആക്ഷേപം. സർക്കാർ അവഗണന തുടരുന്ന പശ്ചാത്തലത്തിലെ സ്വന്തം നിലയ്ക്കു മില്ലുങ്കലിലെ ടൂറിസം സാധ്യതകൾ ഘട്ടം ഘട്ടമായി ഉയർത്തിക്കൊണ്ടു വരാനുള്ള തയാറെടുപ്പിലാണു ആമ്പല്ലൂർ പഞ്ചായത്ത് ഭരണ സമിതി.വർഷങ്ങളായി മാലിന്യം തള്ളൽ കേന്ദ്രമായിരുന്ന മില്ലുങ്കൽ കനാലും പരിസരവും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ മുൻ പഞ്ചായത്ത് ഭരണ സമിതി ആസൂത്രണം ചെയ്തതാണ് ടൂറിസം പദ്ധതി. 5 കോടി ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി 2 ഘട്ടമായി നടത്താൻ ടൂറിസം വകുപ്പും തയാറായതോടെയാണു മാലിന്യം നിറഞ്ഞ മില്ലുങ്കൽ ജംക്ഷനും തോടും മനോഹരമായത്.

പദ്ധതിക്കായി ആദ്യം അനുവദിച്ച 2 കോടി രൂപ ചെലവഴിച്ച് ഒന്നാം ഘട്ടം പൂർത്തിയാക്കി 2020 ജൂലൈയിലാണ് ഉദ്ഘാടനം ചെയ്തത്. കുട്ടികളുടെ പാർക്ക്, ഭക്ഷണശാല, യുദ്ധ സ്മാരക ഓപ്പൺ സ്റ്റേജ്, 100 പേർക്കിരിക്കാവുന്ന ചാരുബെഞ്ചുകൾ, 10 ശുചിമുറി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവയാണ് ആദ്യ ഘട്ടത്തിൽ നിർമിച്ചത്. നിലവിലെ സൗകര്യങ്ങൾ നാട്ടുകാർ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

10 രൂപയാണു പാർക്കിൽ പ്രവേശന ഫീസായി ഈടാക്കുന്നത്. നിലവിൽ പ്രതിമാസം 15000 മുതൽ 20000 രൂപ വരെ ഇവിടെ നിന്നു പഞ്ചായത്തിനു ലഭിക്കുന്നുണ്ട്. രണ്ടാം ഘട്ട വികസനം കൂടി പൂർത്തിയായാൽ പദ്ധതി ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമാകും എന്നാണു വിലയിരുത്തൽ. ടൂറിസം മെച്ചപ്പെടുത്തുന്നതിനു കനാലിൽ ബോട്ടിങ്, 750 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും നടപ്പാത, കനാലിനു കുറുകെ മഴവിൽ പാലം തുടങ്ങിയവ ഒരുക്കാനായിരുന്നു രണ്ടാം ഘട്ടത്തിലെ പദ്ധതി.

3 കോടി രൂപ ഇതിനു ചെലവു വരുമെന്നാണ് അന്നു കണക്കാക്കിയിരുന്നത്. എന്നാൽ സർക്കാർ അനുകൂല സമീപനം സ്വീകരിക്കാത്തതിനാൽ പഞ്ചായത്ത് തനതു ഫണ്ട് ഉപയോഗിച്ചു ചെറിയ വികസനങ്ങൾ കൊണ്ടു വരാനുള്ള ഒരുക്കത്തിലാണ്. ആദ്യമായി കനാലിൽ പെഡൽ ബോട്ടിങ് ആരംഭിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓണത്തോടെ ഇതു ആരംഭിക്കാനാകുമെന്നാണു പ്രതീക്ഷയെന്നു പഞ്ചായത്ത് പ്രസിഡന്റ് ബിജു തോമസ് പറഞ്ഞു

# കാഞ്ഞിരപ്പുഴ മികച്ച വിനോദസഞ്ചാര കേന്ദ്രമാക്കാൻ മാസ്റ്റർ പ്ലാൻ



**കാഞ്ഞിരപ്പുഴ:** കാഞ്ഞിരപ്പുഴയെ ദക്ഷിണേന്ത്യയിലെ മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കാൻ മാസ്റ്റർ പ്ലാനുമായി സഹകരണ സൊസൈറ്റിയും സ്വകാര്യ കമ്പനിയും. ദി ഈസ്റ്റേൺ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും എഫ്എസ്ഐടി ഫൈൻ ഡെസ്റ്റിനേഷൻ പ്രൈവറ്റ് ലിമിറ്റഡും ചേർന്നാണ് മാസ്റ്റർ പ്ലാൻ തയാറാക്കിയത്. മാസ്റ്റർ പ്ലാൻ ഇറിഗേഷൻ ടൂറിസം പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിക്കു വേണ്ടി കെ.ശാന്തകുമാരി എംഎൽഎ ഏറ്റുവാങ്ങി.

നിലവിലുള്ള ഉദ്യാനവും ഉദ്യാന വിപുലീകരണത്തിന് ഉപയോഗിക്കാൻ കഴിയുന്ന പുഴയുടെ ഇരുവശങ്ങളും പഴയ വർക് ഷോപ്പ് നിന്നിരുന്ന സ്ഥലം ഉൾപ്പെടെയുള്ള ഭാഗങ്ങളും പദ്ധതിക്കു വേണ്ടി ഉൾപ്പെടുത്തും. പാർക്ക്, മ്യൂസിക്കൽ ഫൗണ്ടൻ ആൻഡ് ലേസർ ഷോ, പെറ്റ് സ്റ്റേഷൻ, പക്ഷികളുടെയും ചിത്രശലഭങ്ങളുടെയും പാർക്ക്, ബോട്ടിങ്, 16ഡി തിയറ്റർ, തൂക്കുപാലം, മഞ്ഞു പാർക്ക്, മറൈൻ അക്വേറിയം, വാട്ടർ തീം ആൻഡ് വേവ് പൂൾ തുടങ്ങിവയാണു പദ്ധതിയിൽ.

പ്ലാൻ അംഗീകരിച്ചാൽ നിശ്ചിത കാലയളവിലേക്ക് ഉദ്യാന നിർമാണത്തിന്റെയും പരിപാലനത്തിന്റെയും പൂർണ ചുമതല സംരംഭകർക്കായിരിക്കും. എങ്കിലും വരുമാനത്തിന്റെ നിശ്ചിത ശതമാനം മുതൽ മുടക്കില്ലാതെ സർക്കാരിനു ലഭിക്കുകയും കാലാവധിക്കു ശേഷം ഉദ്യാനവും അതിൽ നിന്നുള്ള വരുമാനവും പൂർണമായും സർക്കാരിനു തിരികെ ലഭിക്കുകയും ചെയ്യുമെന്നു പറയുന്നു. പദ്ധതി നടപ്പിലായാൽ 500ലധികം പേർക്കു പ്രത്യക്ഷമായും 1000 ലേറെ പേർക്കു പരോക്ഷമായും ജോലി സാധ്യതയുമുണ്ട്. പദ്ധതിക്കായി പൊതു, സ്വകാര്യ പങ്കാളിത്തവും പരിഗണനയിലുണ്ട്.

മാസ്റ്റർ പ്ലാൻ സ്വീകരിച്ചെങ്കിലും ജലസേചന വകുപ്പ് അടക്കം ബന്ധപ്പെട്ടവരുമായി കൂടിയാലോചനകൾക്കു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കൂ എന്നു കെ.ശാന്തകുമാരി എംഎൽഎ പറഞ്ഞു.

# ഹോണ്ട പുതിയ സിഡി110 ഡ്രീം ഡീലക്സ് അവതരിപ്പിച്ചു

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പുതിയ 2023 സിഡി110 ഡ്രീം ഡീലക്സ് അവതരിപ്പിച്ചു. എൻട്രി ലെവൽ മോട്ടോർസൈക്കിൾ വിഭാഗത്തെ ഏറ്റവും പുതിയ സാങ്കേതികവിദ്യയും, മെച്ചപ്പെടുത്തിയ സുഖസൗകര്യങ്ങളും, ആകർഷകമായ സ്റ്റൈലിങും ഉപയോഗിച്ച് പുനർനിർവചിക്കുന്നതാണ് ഹോണ്ടയുടെ ഈ പുതിയ മോഡൽ. ആഗോള നിലവാരത്തിലുള്ള എൻഹാൻസ്ഡ് സ്മാർട്ട് പവർ (ഇഎസ്പി) ശക്തിപ്പെടുത്തുന്ന ഹോണ്ടയുടെ ഏറ്റവും വിശ്വസനീയമായ ഒബിഡി-2 മാനദണ്ഡങ്ങൾ പാലിക്കുന്ന പിജിഎംഎഫ്ഐ എഞ്ചിനാണ് പുതിയ മോഡലിന്. എസിജി സ്റ്റാർട്ടർ മോട്ടോർ, പ്രോഗ്രാംഡ് ഫ്യൂവൽ ഇഞ്ചക്ഷൻ (പിജിഎംഎഫ്ഐ), ഫ്രിക്ഷൻ റിഡക്ഷൻ എന്നിവയുടെ സംയോജനമാണ് എൻഹാൻസ്ഡ് സ്മാർട്ട് പവർ. ഉയർന്ന നിലവാരമുള്ള ട്യൂബ്ലെസ് ടയറുകൾ, സുരക്ഷിത യാത്രക്ക് ഇൻബിൽറ്റ് സൈഡ് സ്റ്റാൻഡ് എഞ്ചിൻ ഇൻഹിബിറ്റർ എന്നീ നൂതന സാങ്കേതികവിദ്യകളും പുതിയ 2023 സിഡി110 ഡ്രീം ഡീലക്സിലുണ്ട്. സൗകര്യപ്രദമായ വേഗതക്കും രാത്രി സവാരിക്കും മികച്ച പ്രകാശം നൽകുന്ന ഡിസി ഹെഡ് ലാമ്പ്, സിംഗിൾ സ്വിച്ചിൽ നിന്ന് എഞ്ചിൻ സ്റ്റാർട്ട്/സ്റ്റോപ്പ് സൗകര്യം നൽകുന്ന എഞ്ചിൻ സ്റ്റാർട്ട്/സ്റ്റോപ്പ് സ്വിച്ച്, 720 മി.മീ നീളമുള്ള വലിയ സീറ്റ്, ഈക്വലൈസറോട് കൂടിയ കോംബി ബ്രേക്ക് സിസ്റ്റം (സിബിഎസ്), അറ്റകുറ്റപ്പണികൾ കുറയ്ക്കാൻ 4എഎച്ച് എംഎഫ് ബാറ്ററി, വിസ്കോസ് പേപ്പർ ഫിൽട്ടർ എന്നീ നൂതന സൗകര്യങ്ങളും പുതിയ മോഡലിൽ ഉൾപ്പെടുത്തി. സ്റ്റൈലിഷ് ഗ്രാഫിക്സും, ആകർഷകമായ വൈസറും ഫെൻഡറും പുതിയ 2023 സിഡി110 ഡ്രീം ഡീലക്സിന് കൂടുതൽ രൂപഭംഗി നൽകും. മനോഹരമായ ക്രോം മഫു കവറും അഞ്ച് സ്പോക്ക് സിൽവർ അലോയ് വീലുകളും വാഹനത്തിന്റെ ആകർഷണം കൂട്ടുന്നു. ഉപഭോക്താക്കൾക്കായി പ്രത്യേക പത്ത് വർഷ (3 വർഷത്തെ സ്റ്റാൻഡേർഡ് + 7 വർഷത്തെ ഓപ്ഷണൽ) വാറന്റി പാക്കേജും പുതിയ മോഡലിനൊപ്പം ഹോണ്ട വാഗ്ദാനം ചെയ്യുന്നു. ബ്ലാക്ക് വിത്ത് റെഡ്, ബ്ലാക്ക് വിത്ത് ബ്ലൂ, ബ്ലാക്ക് വിത്ത് ഗ്രീൻ, ബ്ലാക് വിത്ത് ഗ്രേ എന്നിങ്ങനെ ആകർഷകമായ നാല് നിറങ്ങളിൽ പുതിയ സിഡി110 ഡ്രീം ഡീലക്സ് ലഭ്യമാകും. 73,400 രൂപയാണ് ഡൽഹി എക്സ്ഷോറും വില. ഒബിഡി-2 മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ സിഡി110 ഡ്രീം ഡീലക്സിന്റെ അവതരണത്തോടെ, ഇന്ത്യൻ മോട്ടോർസൈക്കിൾ വിപണിയിലെ താങ്ങാനാവുന്ന വിലയും പ്രകടനവും പുനർനിർവചിക്കുന്നതിൽ തങ്ങൾ സന്തുഷ്ടരാണെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു. ബ്രാൻഡ് സിഡിയുടെ സമ്പന്നമായ പൈതൃകത്തെ അടിസ്ഥാനമാക്കി, പുതിയ സിഡി110 ഡ്രീം ഡീലക്സ് അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾസ് ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.



# ഓണം ഓഫറുകളുമായി റിലയൻസ് ഡിജിറ്റൽ

**കൊച്ചി:** ഓണം ഓഫറുകൾ പ്രഖ്യാപിച്ച് റിലയൻസ് ഡിജിറ്റൽ. ആഗസ്റ്റ് 15 വരെ അത്യാധുനിക ഇലക്ട്രോണിക്സ്, ഗാഡ്ജെറ്റുകൾ എന്നിവയുടെ വിപുലമായ ശ്രേണിയിൽ അതിശയിപ്പിക്കുന്ന ഡീലുകളും കിഴിവുകളും നേടാമെന്ന് റിലയൻസ് ഡിജിറ്റൽ അധികൃതർ വ്യക്തമാക്കി.എസ്ബിഐ ക്രെഡിറ്റ് കാർഡിൽ 10% തൽക്ഷണ കിഴിവ് പരമാവധി 5000 രൂപ വരെ,. മറ്റ് ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളിലും പരമാവധി 3000രൂപ വരെ 5% അധിക ഇൻസ്റ്റന്റ് ഡിസ്കൗണ്ടും കൂടാതെ അവരുടെ അടുത്ത പർച്ചേയ്സിൽ റിഡീം ചെയ്യാവുന്ന 10% ഡിസ്കൗണ്ട് വൗച്ചറും ലഭിക്കും. ഡജക ഇടപാടുകൾക്ക്, 10% ഇൻസ്റ്റന്റ് ഡിസ്കൗണ്ടും ആസ്വദിക്കാം.ഈ ക്യാഷ് ഡിസ്കൗണ്ടുകൾക്ക് മുകളിൽ, റിലയൻസ് ഡിജിറ്റലിന് എല്ലാ വിഭാഗങ്ങളിലുമായി ചില ആകർഷകമായ എക്സ്ക്ലൂസീവ് ഓഫറുകളും ഉണ്ട്. 75 ഇഞ്ച് UHD Google TV- ഇപ്പോൾ ക്യാഷ്ബാക്കിന് ശേഷം 69,990. രൂപയിൽ ലഭിക്കും. സാംസങ് നിയോ ക്യൂഎൽഇഡി (Neo QLED) ടിവി ക്യാഷ്ബാക്കിന് ശേഷം 99,990 രൂപയിൽ ആരംഭിക്കുന്നു . തിരഞ്ഞെടുത്ത സാംസങ് നിയോ ക്യൂഎൽഇഡി മോഡലുകൾക്കൊപ്പം, 44,990 രൂപ വരെ വിലയുള്ള ഒരു കോംപ്ലിമെന്ററി സൗണ്ട്ബാറും ലഭിക്കും.OPPO Reno 10 സീരീസ് വാങ്ങുമ്പോൾ ബോണസായി, 4999 രൂപ വിലയുള്ള ഏറ്റവും മികച്ച ബ്ലൂടൂത്ത് ഇയർഫോണുകൾ വെറും 499 യ്ക്ക് സ്വന്തമാക്കാം. ആപ്പിൾ ഐപാഡുകൾ പ്രതിമാസം 1167 രൂപയിൽ ആരംഭിയ്ക്കുന്നു. എച്ച്പി എൻവി ക്രിയേറ്റർ ലാപ്ടോപ്പുകൾ 57,499 രൂപ മുതൽ ആരംഭിക്കുന്നു (എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ, ക്യാഷ്ബാക്ക്, പ്രൊമോ എന്നിവയ്ക്ക് ശേഷമുള്ള വില). സൈഡ്ബൈസൈഡ് റഫ്രിജറേറ്റർ ഇപ്പോൾ വെറും 51,990രൂപ മുതൽ ലഭ്യമാണ്. ധാരാളം സ്റ്റോറേജ്, വിപുലമായ ഫീച്ചറുകൾ, നിങ്ങളുടെ ജീവിതശൈലിയ്ക്ക് അനുയോജ്യമാക്കുന്ന ആധുനിക ഡിസൈൻ എന്നിവയ്ക്കൊപ്പം.26,900 രൂപ വിലയുള്ള ശ്രദ്ധേയമായ Apple AirPods Pro 2nd ജനറേഷൻ ക്യാഷ്ബാക്ക് ഉൾപ്പെടെ ഇപ്പോൾ വെറും 23,999 രൂപയ്ക്ക് സ്വന്തമാക്കാം.എക്സ്ക്ലൂസീവ് വെയറബിൾസ് ഓഫറിലൂടെ 45,900, രൂപ വിലയുള്ള അൾട്രാ വാച്ച് ട8 വെറും 33,249 രൂപയ്ക്ക് ലഭ്യമാണ്.തിരഞ്ഞെടുത്ത ഫ്രണ്ട് ലോഡ് അല്ലെങ്കിൽ ടോപ്പ് ലോഡ് വാഷിംഗ് മെഷീനുകൾ വാങ്ങുമ്പോൾ ബോണസ്സായി സൗജന്യ മിക്സർ ഗ്രൈൻഡറോ ട്രൂ വയർലെസ് ഇയർബഡുകളോ നേടാം. അതിനുമുകളിൽ, കൂടുതൽ മികച്ച ഡീലിനായി അധിക ബാങ്ക് ക്യാഷ്ബാക്ക് പ്രയോജനപ്പെടുത്തുക. ഈ അത്യാകർഷകമായ ഓഫറുകളും മറ്റും നേടുന്നതിന്, നിങ്ങളുടെ അടുത്തുള്ള റിലയൻസ് ഡിജിറ്റൽ സ്റ്റോർ, മൈ ജിയോ സ്റ്റോർ സന്ദർശിക്കുക, അല്ലെങ്കിൽ reliancedigital.in-ലേക്ക് ലോഗിൻ ചെയ്ത് തടസ്സമില്ലാത്ത ഷോപ്പിംഗ് അനുഭവവും സങ്കീർണ്ണതയില്ലാത്ത ഡെലിവറിയും സാങ്കേതിക വിദഗ് ദരുടെ വിദഗ്ദ സഹായവും ആസ്വദിക്കൂ.എല്ലാ ഓഫറുകളിലും വിലകളിലും നിബന്ധനകളും വ്യവസ്ഥകളും ബാധകമാണെന്നും റിലയൻസ് ഡിജിറ്റൽ അധികൃതർ വ്യക്തമാക്കി.




## ക്രോമയിൽ ഇൻഡിപെൻഡൻസ് ഡേ സെയിൽ

**കൊച്ചി:** സ്വാതന്ത്ര്യത്തിന്റെ 76ാമത് വാർഷികത്തോട് അനുബന്ധിച്ച് ക്രോമ ഇൻഡിപെൻഡൻസ് ഡേ സെയിൽ പ്രഖ്യാപിച്ചു. ആഗസ്റ്റ് 16 വരെ നീണ്ടു നിൽക്കുന്ന ഇൻഡിപെൻഡൻസ് ഡേ സെയിലിലൂടെ സ്മാർട്ട് ഫോണുകൾ, ടിവികൾ, ഹോം അപ്ലയൻസസുകൾ തുടങ്ങി നിരവധി വിഭാഗങ്ങളിൽ ഇളവുകളും ആനുകൂല്യങ്ങളും ലഭിക്കും. 385ൽ ഏറെയുള്ള സ്റ്റോറുകളിലും വെബ്സൈറ്റായ croma.com ലും ഇതു ലഭ്യമാണെന്ന് ക്രോമ അധികൃതർ അറിയിച്ചു.55 ഇഞ്ച് ഓലെഡ് ടിവി പ്രതിമാസം 2,999 രൂപ പ്രതിമാസ തിരിച്ചടവിൽ ലഭ്യമാണ്. ക്രോമ ഒലെഡ് ഗൂഗിൾ ടിവി 50,999 രൂപ മുതൽ ലഭ്യമാണ്. ചാർകോൾ സാങ്കേതികവിദ്യയുമായെത്തുന്ന 28 ലിറ്റർ കൺവെക്ഷൻ മൈക്രോ വേവുകൾ 1499 രൂപ എന്ന പ്രതിമാസ തിരിച്ചടവിൽ ലഭിക്കും.ഹോം അപ്ലയൻസസുകൾക്കു പുറമെ ക്രോമ 5ജി ഫോണുകളിലും ആനുകൂല്യങ്ങൾ നൽകുന്നു. 5ജി ഫോണുകൾക്ക് 12,499 രൂപ മുതൽ വില ആരംഭിക്കുന്നു. കൂടാതെ തെരഞ്ഞെടുത്ത മൊബൈൽ ഫോണുകൾ വാങ്ങുമ്പോൾ ഒരു സ്മാർട്ട് വാച്ചോ മറ്റ് അസസ്സറികളോ വെറും 49 രൂപയ്ക്ക് ലഭിക്കും. ആപ്പിൾ, സാംസങ്, വൺപ്ലസ് തുടങ്ങി നിരവധി ജനപ്രിയ സ്മാർട്ട് ഫോൺ ബ്രാൻഡുകൾ ക്രോമയിൽ ലഭ്യമാണ്.ക്രോമ ഓഡിയോ വിഭാഗത്തിലും ആനുകൂല്യങ്ങൾ നൽകുന്നു. വെറും 4,199 രൂപ മുതൽ ആരംഭിക്കുന്ന ഡൈനാമിക് പാർട്ടി സ്പീക്കറുകൾ ക്രോമയുടെ സ്വാതന്ത്ര്യ ദിന സെയിലിൽ ലഭിക്കും.വെറും 2999 രൂപ മുതൽ മെറ്റാലിക് വെയറബിൾ സ്മാർട്ട് വാച്ചുകൾ ലഭിക്കും. പ്രീമിയം സ്മാർട്ട് വാച്ചുകൾ തേടുന്നവർക്ക് ഏറ്റവും പുതിയ ആപ്പിൾ സ്മാർട്ട് വാച്ചുകൾ 25,400 രൂപ മുതൽ ക്രോമ സ്റ്റോറുകളിലും വെബ്സൈറ്റിലും ലഭ്യമാണ്.കൂടാതെ 20,000 രൂപ വരെയുള്ള എക്സ്ചേഞ്ച് ആനുകൂല്യങ്ങളും 15 ശതമാനം വരെ കാഷ്ബാക്കും ക്രോമ നൽകുന്നു. 24 മാസം വരെയുള്ള ലളിതമായ ഇഎംഐ ഓപ്ഷനും ലഭ്യമാണ്.

## വാണിജ്യ വായ്പകൾക്കായുള്ള ആവശ്യത്തിൽ 15 ശതമാനം വർധനവ്

**കൊച്ചി:** വാണിജ്യ വായ്പകൾക്കായുള്ള ആവശ്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന ത്രൈമാസത്തിൽ 15 ശതമാനം വാർഷിക വർധനവുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. ത്രൈമാസത്തിലെ വാണിജ്യ വായ്പകൾ 27.7 ലക്ഷം കോടിയായിരുന്നു എന്ന് ട്രാൻസ് യൂണിയൻ സിബിൽ സിഡ്ബി എംഎസ്എംഇ പൾസ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ചെറുകിട, ഇടത്തരം മേഖലയിലെ സർക്കാർ പരിഷ്ക്കാരങ്ങൾ വളർച്ചയ്ക്ക് കാരണമായതായി സിഡ്ബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ശിവസുബ്രഹ്മണ്യൻ രാമൻ പറഞ്ഞു. ആവശ്യവും ലഭ്യതയും തമ്മിലുള്ള അന്തരം പരിഹരിക്കാനാണ് വായ്പാ ദാതാക്കൾ മുൻഗണന നൽകുന്നതെന്ന് ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു. ഇന്ത്യയിൽ 630 ലക്ഷം ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളുണ്ടെങ്കിലും 250 ലക്ഷം പേർ മാത്രമേ ഔപചാരിക മാർഗങ്ങളിലൂടെ വായ്പകൾ തേടിയിട്ടുള്ളു എന്നും അദ്ദേഹം പറഞ്ഞു.ഒരു കോടി രൂപയിൽ താഴെയുള്ള വായ്പകളുടെ കാര്യത്തിൽ 23 ശതമാനം വാർഷിക വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിൽ കൂടുതൽ വായ്പകൾ നൽകുന്നത് പൊതുമേഖലാ ബാങ്കുകളാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

## ഏഷ്യാടെക്സ് 2023 ഓഗസ്റ്റ് 31 മുതൽ മുംബൈയിൽ

**കൊച്ചി:** ഹിന്ദുസ്ഥാൻ ചേംബർ ഓഫ് കൊമേഴ്സ് 2023 ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2 വരെ മുംബൈയിലെ ബികെസി ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ 'ഏഷ്യാടെക്സ് 2023' ടെക്സ്റ്റൈൽ ട്രേഡ് ഫെയർ സംഘടിപ്പിക്കും. ടെക്സ്റ്റൈൽ രംഗത്തെ പ്രമുഖ ബി2ബി പ്രദർശനമായ ഏഷ്യാടെക്സിന്റെ അഞ്ചാം പതിപ്പാണ് ഈ വർഷം നടക്കുന്നത്. ചേംബർ 125 വർഷം പൂർത്തിയാക്കിയതു പ്രമാണിച്ച് മേളയിൽ 125 സ്റ്റാളുകളാകുമെന്ന് ഹിന്ദുസ്ഥാൻ ചേംബർ ഓഫ് കൊമേഴ്സ് (എച്ച്സിസി) പ്രസിഡന്റ് ശിഖർചന്ദ് ജെയിൻ പറഞ്ഞു. മുംബൈ, ഭിവി, സൂറത്ത്, ഇചൽകരഞ്ചി, ഭിൽവാര, അഹമ്മദാബാദ് എന്നിവിടങ്ങളിൽ നിന്നുള്ള എല്ലാ പ്രമുഖ ടെക്സ്റ്റൈൽ ഹബ്ബുകളിൽ നിന്നുമുള്ള സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും. പ്രധാനമായും നിർമ്മാതാക്കളിൽ നിന്നും കയറ്റുമതിക്കാരിൽ നിന്നുമുള്ള നൂലുകൾ, തുണിത്തരങ്ങൾ, മേക്കപ്പ്, ടെക്നിക്കൽ ടെക്സ്റ്റൈലുകൾ, യൂണിഫോം തുണിത്തരങ്ങൾ, വീട്ടുപകരണങ്ങൾ, ഫർണിഷിംഗ് തുണിത്തരങ്ങൾ, നിറ്റുകൾ, വസ്ത്രങ്ങൾ തുടങ്ങിയവയാണ് പ്രദർശനത്തിനുവരുന്നതെന്നും ശിഖർ ചന്ദ് ജെയിൻ പറഞ്ഞു.ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ 60,000 ചതുരശ്ര അടിയിലാണ് മേള നടക്കുന്നത്.

# സർക്കാർ സൈബർപാർക്കിൽ ഇഗ്‌നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം

**കോഴിക്കോട്:** ബിരുദധാരികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി കോഴിക്കോട് സർക്കാർ സൈബർപാർക്കിൽ സംഘടിപ്പിച്ച ഇഗ്‌നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിലൂടെ ഇതുവരെ അവസരം ലഭിച്ചത് അൻപതിലേറെപ്പേർക്ക്. 25 കമ്പനികളിലായി നിരവധി ഇന്റേൺഷിപ്പ് അവസരങ്ങളാണ് സൈബർപാർക്കിൽ ഒരുങ്ങുന്നത്. വിവിധ കമ്പനികൾ ഇന്റേൺഷിപ്പിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് തുടരുകയാണ്. സർക്കാർ സൈബർപാർക്കിലെ സഹ്യ ബിൽഡിങ്ങിൽ നടന്ന ഇഗ്‌നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ 25 കമ്പനികളും 400ലധികം ഉദ്യോഗാർത്ഥികളുമാണ് പങ്കെടുത്തത്. കാഫിറ്റ്, ഐ.സി.ടി അക്കാദമി കേരള, സ്റ്റാർട്ട് അപ്പ് മിഷൻ, ജി ടെക്, കേരളാ നോളജ് എക്കോണമി മിഷൻ തുടങ്ങിയവയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ഇഗ്‌നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ ഈ വർഷം ബിരുദം നേടിയവർക്കും അവസാന സെമസ്റ്റർ പരീക്ഷാഫലം കാത്തിരിക്കുന്ന ഉദ്യോഗാർഥികൾക്കും പങ്കെടുക്കാം.തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സൈബർപാർക്കിന് പുറമേ കേരളത്തിലെ പ്രധാന ഐ.ടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ വിവിധ ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികളിലും ആറുമാസം ഇന്റേൺഷിപ്പിന് അവസരം ലഭിക്കും. മാസം 5000 രൂപ ഗവൺമെന്റ് സബ്സിഡി ഉൾപ്പടെ 10,000 രൂപയോ അതിൽ കൂടുതലോ പ്രതിമാസ സ്റ്റൈപ്പന്റും ഇന്റേൺഷിപ്പ് കാലത്ത് ലഭിക്കും.സംസ്ഥാനതലത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട ഐ.ടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലെ വിവിധ കമ്പനികളിലായി സംഘടിപ്പിക്കുന്ന ഇഗ്‌നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഈ എഡിഷനിൽ ആകെ 380 കമ്പനികളും 7436 ഉദ്യോഗാർത്ഥികളും രജിസ്റ്റർ ചെയ്തു.

# പുതിയ വേരിയന്റുകളുമായി മഹീന്ദ്ര എക്സ്‌യുവി 300



**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്‌യുവി നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, തങ്ങളുടെ എക്സ്‌യുവി 300 എസ്‌യുവി നിര വിപുലീകരിച്ചു. ഡബ്ല്യു2 എക്സ്‌ക്ലൂസീവ് പെട്രോൾ വേരിയന്റിന് 7.99 ലക്ഷം രൂപയും, ഡബ്ല്യു4 പെട്രോൾ ടർബോ സ്പോർട്ട് വേരിയന്റിന് 9.29 ലക്ഷം രൂപയുമാണ് പ്രാരംഭ വില. 1.2ലിറ്റർ എംസ്റ്റാലിയൻ ടിജിഡിഐ പെട്രോൾ എഞ്ചിനാണ് ഡബ്ല്യു4 ടർബോ സ്പോർട്ട് വേരിയന്റിന്. മുമ്പ് ഡബ്ല്യു6 മുതലുള്ള വേരിയന്റുകൾക്ക് മാത്രമായിരുന്നു ഈ പവർ എഞ്ചിൻ ഇപ്പോൾ ഡബ്ല്യു4 ടർബോ സ്പോർട്ട് ഉപയോഗിച്ച് അഞ്ച് സെക്കൻഡിനുള്ളിൽ പൂജ്യത്തിൽ നിന്ന് 60 കി.മീ വേഗതയിലേക്ക് കുതിക്കാനാവും. 230എൻഎം ടോർക്കും 96കി.വാട്ട് പവറുമാണ് കരുത്ത്. കൂടാതെ, പെട്രോൾ, ഡീസൽ മോഡലുകളിൽ ലഭ്യമായ ഡബ്ല്യു4 വേരിയന്റുകളിൽ സൺറൂഫും ചേർത്തിട്ടുണ്ടെന്നും മഹീന്ദ്ര കമ്പനി അധികൃതർ വ്യക്തമാക്കി.1.2ലിറ്റർ ടർബോ പെട്രോൾ, സ്പോർട്ടി 1.2ലിറ്റർ എംസ്റ്റാലിയൻ ടിജിഡിഐ പെട്രോൾ എന്നിങ്ങനെ ര് കരുത്തുറ്റ എഞ്ചിൻ ഓപ്ഷനുകളും ഡബ്ല്യു4 വേരിയന്റിൽ എക്സ്‌യുവി 300 വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾക്ക് അവരുടെ മുൻഗണനകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് എക്സ്‌യുവി 300 ക്രമീകരിക്കാനുള്ള സ്വാതന്ത്ര്യമാണ് ഈ ഓപ്ഷൻ നൽകുന്നത്. ര് സവിശേഷമായ എക്സ്റ്റീരിയർ, ഇന്റീരിയർ ഓപ്ഷനുകളുടെ വൈവിധ്യമാർന്ന ശ്രേണിയും വാഗ്ദാനം ചെയ്യുന്നു, ഇത് ഉപഭോക്താക്കളെ അവരുടെ തനതായ അഭിരുചിയും ജീവിതശൈലിയും പ്രതിഫലിപ്പിക്കുന്ന ഒരു സ്റ്റൈലിഷ് കോംപാക്റ്റ് എസ്‌യുവി സൃഷ്ടിക്കാൻ സഹായിക്കുമെന്നും കമ്പനി അധികൃതർ അവകാശപ്പെടുന്നു.

# റൂമിയോൺ അവതരിപ്പിച്ച് ടൊയോട്ട




**കൊച്ചി:** ഏറ്റവും പുതിയ ടൊയോട്ട റൂമിയോൺ അവതരിപ്പിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ്. മൾട്ടി പർപ്പസ് വെഹിക്കിൾ (എംപിവി) സെഗ്മെന്റിൽ മുൻനിരക്കാരയ ടൊയോട്ട തങ്ങളുടെ ഏറ്റവും പുതിയി വാഹനത്തിലൂടെ ഇന്ത്യൻ വിപണിയിൽ സാനിധ്യം ശക്തമാക്കുകയാണ്. കൂടുതൽ സ്ഥലം, മികച്ച ഇന്ധനക്ഷമത, ആകർഷണീയമായ ഡിസൈൻ എന്നിവയാണ് ഏഴ് പേർക്ക് ഇരിക്കാവുന്ന ടൊയോട്ട റൂമിയോണിന്റെ എടുത്തുപറയേ പ്രധാന സവിശേഷതകളെന്ന് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് അധികൃതർ വ്യക്തമാക്കി.ഫാമിലി കാർ എന്ന നിലയിൽ ബിഎംപിവി സെഗ്മെന്റിലേക്കുള്ള ടൊയോട്ടയുടെ പ്രവേശനം അടയാളപ്പെടുത്തുകയാണ് റൂമിയോൺ. സൗകര്യപ്രദവും വിശ്വാസ്യതയുമുള്ള യാത്രയാണ് ഏറ്റവും പുതിയ റൂമിയോൺ വാഗ്ദാനം ചെയ്യുന്നത്. മികച്ച പ്രകടനത്തോടൊപ്പം തന്നെ മെച്ചപ്പെട്ട ഇന്ധനക്ഷമതയും കോംപാക്റ്റ് എംപിവി വിഭാഗത്തിലെ ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളെ നിറവേറ്റുന്നതാണ്. നിയോ ഡ്രൈവ് (കടഏ) സാങ്കേതികവിദ്യയും ഇസിഎൻജി സാങ്കേതികവിദ്യയൊടൊപ്പം ശക്തമായ കെ സീരീസ് 1.5ലിറ്റർ പെട്രോൾ എഞ്ചിനുമായയാണ് റൂമിയോൺ എത്തുന്നത്. ഇത് മികച്ച ഡ്രൈവിംഗ് അനുഭവം ഉറപ്പുനൽകുന്നു. അത്യാധുനിക കെസീരീസ് എഞ്ചിൻ പെട്രോൾ വേരിയന്റിന് 20.51 കിലോമീറ്റർ മൈലേജും സിഎൻജി വേരിയന്റിന് 26.11കിലോമീറ്റർ മൈലേജുമാണ് കമ്പനി അവകാശപ്പെടുന്നത്. ഇതോടൊപ്പം ഉപഭോക്താക്കൾക്ക് തിരഞ്ഞെടുപ്പിന് അവസരമൊരുക്കികൊ്, ട ങഠ/അഠ, ഏ ങഠ, ഢ ങഠ/അഠ, ട ങഠ ഇചഏ എന്നീ ആറ് വകഭേദങ്ങളിലാണ് റൂമിയോൺ വിപണിയിലെത്തുന്നത്. ഇതോടൊപ്പം 5സ്പീഡ് മാനുവൽ ട്രാൻസ്മിഷൻ, 6സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ എന്നിവയിൽ നിന്നും തിരഞ്ഞെടുക്കാനുള്ള അവസരവും റൂമിയോൺ ഉപഭോക്താക്കൾക്കു്. ഇത് മാനുവൽ, ഓട്ടോമാറ്റിക് പ്രേമികൾക്ക് തടസ്സമില്ലാത്ത ഡ്രൈവിംഗ് അനുഭവം നൽകുന്നു. നിങ്ങൾ ഒരു ഓട്ടോമാറ്റിക്കിന്റെ സൗകര്യമോ മാനുവലിന്റെ നിയന്ത്രണമോ ആണെങ്കിലും, ഓൾ ന്യൂ ടൊയോട്ട റൂമിയൻ സന്തോഷകരവും ആയാസരഹിതവുമായ ഡ്രൈവ് ഉറപ്പാക്കുന്നു.17.78 സെന്റീമീറ്റർ സ്മാർട്ട്പ്ലേ കാസ്റ്റ് ടച്ച്സ്ക്രീൻ ഓഡിയോ, ആഴ്ന്നിറങ്ങുന്ന ഓഡിയോയ്ക്കൊപ്പം അർക്കാമിസ് സറൗ സെൻസ് ഫീച്ചർ ചെയ്യുന്ന നൂതന ഇൻഫോടെയ്ൻമെന്റ് സിസ്റ്റവുമായയാണ് ഏറ്റവും പുതിയ റൂമിയോൺ എത്തുന്നത്. ആൻഡ്രോയ്ഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ എന്നിവ തടസങ്ങളേതുമില്ലാതെ ഉപഭോക്താവിന്റെ സ്മാർട്ഫോണിനെ കാറുമായി ബന്ധിപ്പിക്കുന്നു. ഇൻഫോടെയ്ൻമെന്റ് സിസ്റ്റത്തിൽ ബ്ലൂടൂത്ത് കണക്റ്റിവിറ്റി, സ്റ്റിയറിംഗ് മൗഡ് ഓഡിയോ, കോളിംഗ് കൺട്രോളുകൾ, യുഎസ്ബി കണക്റ്റിവിറ്റി എന്നിവയും ഉൾപ്പെടുന്നു.

# ഓ ബൈ താമരയുടെ പാചകപ്പുരയിൽ രുചിക്കൂട്ടുകൾ തീർത്ത് കുട്ടി ഷെഫുകൾ



**തിരുവനന്തപുരം:** പഞ്ചനക്ഷത്ര ഹോട്ടലിന്റെ പാചകപ്പുരയിൽ രുചിവൈവിധ്യങ്ങൾ തീർത്ത് കുട്ടി ഷെഫുമാർ. തിരുവനന്തപുരം ഓ ബൈ താമരയാണ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഈ അവസരം ഒരുക്കിയത്. രുചിയേറും ക്യാരറ്റ് ഹൽവയും സാലഡുമൊക്കെ സ്വന്തം കൈകൊണ്ട് ഉണ്ടാക്കിയതിന്റെ സന്തോഷത്തിലാണ് ഹെൽപ്പിങ്ങ് ഹാൻഡ്സ് ഓർഗനൈസേഷനിലെ (ഓ2ഛ) കുട്ടികളും അവരുടെ പരിശീലകരും. കളിയും ചിരിയും മേൻപൊടിയായി ചേർത്ത വിഭവങ്ങൾ വിളമ്പിയപ്പോൾ കണ്ടുനിന്നവരുടെ വയറും മനസ്സും ഒരുപോലെ നിറഞ്ഞു. എക്സിക്യൂട്ടീവ് ഷെഫ് സുരേഷിന്റെ നേതൃത്വത്തിലുള്ള പാചക സംഘമാണ്, തിരുവനന്തപുരം ആസ്ഥാനമായുള്ള ഹെൽപ്പിങ്ങ് ഹാൻഡ്സ് ഓർഗനൈസേഷന്റെ (ഓ2ഛ) സഹകരണത്തോടെ പാചക സെക്ഷൻ സംഘടിപ്പിച്ചത്. പ്രത്യേക പരിഗണന ആവശ്യമുള്ള കുരുന്നുകളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ തിരിച്ചറിയാനും വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഓ ബൈ താമര പരിപാടി സംഘടിപ്പിച്ചത്. ഓ2ഛ സെന്റർ ഹെഡ് ഡോ. ജയശ്രീ മുഖ്യാതിഥിയായി.പാചകം അനിവാര്യമായ ഒരു ജീവിത നൈപുണ്യമാണ്. ഈ അറിവ് യുവതലമുറക്ക് പകർന്ന് കൊടുക്കുന്നത് അവരുടെ സ്വതന്ത്രവും സമഗ്രവുമായ വികസനത്തിന് സഹായകമാകും. ഇത്തരം സഹകരണ പ്രവർത്തനങ്ങൾ സമൂഹത്തിന് സന്തോഷം നൽകുന്നതും കുട്ടികളിൽ ആത്മവിശ്വാസവും സന്തോഷവും വർധിപ്പിക്കുന്നതുമാണ്, പാചക സെക്ഷനെക്കുറിച്ച് എക്സിക്യൂട്ടീവ് ഷെഫ് സുരേഷ് പറഞ്ഞു.

# ഡെലിവെറിക്ക് ഇലക്ട്രിക് ട്രക്കുകൾ : ഐഷറുമായി ആമസോൺ സഹകരിക്കും

**കൊച്ചി:** വി ഇ കൊമേഴ്സ്യൽ വെഹിക്കിൾസ് ലിമിറ്റഡിന്റെ (വിഇസിവി) ബിസിനസ് ഡിവിഷനായ ഐഷർ ട്രക്സ് ആൻഡ് ബസസ്, ആമസോണിന്റെ മിഡിൽ-മൈൽ,ലാസ്റ്റ്-മൈൽ ഡെലിവറിക്ക് വൈദ്യുത വാഹനങ്ങൾ ലഭ്യമാക്കുന്നതിന് ആമസോണുമായി സഹകരിക്കും. അടു ത്ത അഞ്ചു വർഷത്തിനുള്ളിൽ ആമസോണിന്റെ ഡെലിവറിയ്ക്കായി 8 മുതൽ 24 അടി വരെ നീളമുള്ള 1,000 ഇലക്ട്രിക് ട്രക്കുകൾ വരെ അവതരിപ്പിക്കാനാണ് ഐഷറും ആമസോണും ഈ സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്. ആമസോൺ സംഭരണശാലകൾക്കിടയിലുള്ള ചരക്ക് നീക്കമായ ഇന്റർമീഡിയറ്റ് ട്രാൻസ്പോർട്ടേഷനെ സൂചിപ്പിക്കുന്നതാണ് മിഡിൽ-മൈൽ. പാക്കേജുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനെയാണ് ലാസ്റ്റ്-മൈൽ കൊ് ഉദ്ദേശിക്കുന്നത്.സഹകരണത്തിന്റെ ആദ്യപടിയെന്ന നിലയിൽ 2024 അവസാനത്തോടെ ഡൽഹി,മനേസർ, ഗുരുഗ്രാം തുടങ്ങിയ പ്രധാന നഗരങ്ങളിൽ മിഡിൽ-മൈൽ, ലാസ്റ്റ്-മൈൽഡെലിവറികൾക്കായി ആമസോൺ ഐഷറിന്റെ 50 ഇലക്ട്രിക് ട്രക്കുകൾ വിന്യസിക്കും. നൂതന ഡിജിറ്റൽ ഫീച്ചറുകൾ ഉൾക്കൊള്ളുന്ന ഐഷർ ട്രക്കുകൾ നിലവിൽപ്രവർ ത്തിക്കുന്ന ഐഷറിന്റെ ഇലക്ട്രിക് വെഹിക്കിൾ (ഇവി) പ്ലാറ്റ്ഫോമിൽതന്നെയാണ് നിർമ്മിക്കുക. കസ്റ്റമൈസ്ഡ് കാർഗോ സ്റ്റാക്കിങ്കോൺഫിഗറേഷനുകളും, വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിന്വേഗതയേറിയതും കുറഞ്ഞതുമായ ചാർജിങ് ഓപ്ഷനുകളും ട്രക്കുകൾക്ക് നൽകും.രാജ്യത്തുടനീളമുള്ള ശൃംഖലയിൽ ഇലക്ട്രിക് മൊബിലിറ്റിപ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ 400ലധികം നഗരങ്ങളിൽ ഡെലിവറി സേവന പങ്കാളികൾ മുഖേന ആമസോൺ വൈദ്യുത വാഹനങ്ങൾ ഇതിനകം വിജയകരമായി വിന്യസിച്ചിട്ടു്. 2040 ഓടെ കാർബൺ പുറന്തള്ളൽ പൂജ്യമായി കുറയ്ക്കാനുള്ള ആമസോണിന്റെ പ്രതിബദ്ധതയുടെ ഭാഗമായാണിത്.ഇൻഡോർ, ഡൽഹി, മനേസർ, ഗുരുഗ്രാം എന്നിവിടങ്ങളിൽ ആമസോണിന്റെഇ-കൊമേഴ്സ് ഡെലിവറികൾക്കായി ഇലക്ട്രിക് ട്രക്കുകൾ ആരംഭിക്കുന്ന പദ്ധതിക്കായി ആമസോണുമായി സഹകരിക്കുന്നതിൽ സന്തോഷമുന്ന്വിഇസിവി മാനേജിങ് ഡയറക്ടറും സിഇഒയുമായ വിനോദ് അഗർവാൾ പറഞ്ഞു. മികച്ച സുസ്ഥിര പരിഹാരം പ്രോത്സാഹിപ്പിക്കുന്നതിനും ഒരു സീറോ-എമിഷൻ ട്രാൻസ്പോർട്ട് ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിനുമുള്ള തങ്ങളുടെപ്രതിബദ്ധയാണ് ഇത് കാണിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഡെലിവറിയ്ക്കായി വിശാലമായ ശ്രേണിയിലുള്ള വാഹനങ്ങളുടെ വൈദ്യുതീകരണത്തിന് നേതൃത്വം നൽകുന്നതിന് പ്രധാന പാർട്ണർമാരുമായി പ്രവർത്തിക്കുന്നതിൽ അഭിമാനമുന്നെ് ആമസോൺ ഇന്ത്യയുടെ കസ്റ്റമർ ഫുൾഫിൽമെന്റ്, ആമസോൺ ട്രാൻസ്പോർട്ടേഷൻ സർവീസസ്, ഗ്ലോബൽ സ് പെഷ്യാലിറ്റി ഫുൾഫിൽമെന്റ്, സപ്ലൈ ചെയിൻ വൈസ് പ്രസിഡന്റ് അഭിനവ് സിങ് പറഞ്ഞു

# മണപ്പുറം ഫിനാൻസിന് 498 കോടി രൂപ അറ്റാദായം

**തൃശൂർ :** മണപ്പുറം ഫിനാൻസ് 2023-24 സാമ്പത്തിക വർഷം ആദ്യ പാദത്തിൽ l 498 കോടി രൂപ സംയോജിത അറ്റാദായം നേടി. മുൻവർഷം ഇതേ പാദത്തിലെ 281.9 കോടി രൂപയിൽ നിന്ന് 76.7 ശതമാനം വർധനയോടെ എക്കാലത്തേയും ഉയർന്ന നേട്ടമാണിതെന്ന് മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി. പി. നന്ദകുമാർ പറഞ്ഞു. 2023 മാർച്ചിൽ അവസാനിച്ച തൊട്ടു മുമ്പത്തെ പാദത്തിലെ അറ്റാദായവുമായി താരതമ്യപ്പെടുത്തുമ്പോൾ 20 ശതമാനം വർധനയും രേഖപ്പെടുത്തി. മണപ്പുറം ഫിനാൻസ് കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തി മൂല്യം 20.6 ശതമാനം വാർഷിക വളർച്ചയോടെ 37,086.3 കോടി രൂപയിലെത്തി. തൊട്ടുമുമ്പത്തെ പാദത്തെ അപേക്ഷിച്ച് 4.6 ശതമാനമാണ് വർധന. സബ്സിഡിയറികൾ ഉൾപ്പെടാതെ ഉള്ള കമ്പനിയുടെ അറ്റാദായം 380.9 കോടി രൂപയാണ്. സംയോജിത പ്രവർത്തന വരുമാനം 34.9 ശതമാനം വർധിച്ച് 2026.3 കോടി രൂപയിലുമെത്തി. കമ്പനിയുടെ സ്വർണവായ്പാ പോർട്ട്ഫോളിയോ കഴിഞ്ഞ വർഷം ആദ്യപാദത്തെയപേക്ഷിച്ചു 0.6 ശതമാനം വർധിച്ച് 20,603 കോടി രൂപയായി. 2023 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിക്ക് 24 ലക്ഷം സജീവ സ്വർണ വായ്പാ ഉപഭോക്താക്കളുണ്ട്. ലാഭക്ഷമതയിലും ആസ്തി മൂല്യത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. സ്വർണ ഇതര ബിസിനസിൽ, പ്രത്യേകിച്ച് മൈക്രോ ഫിനാൻസ് വിഭാഗത്തിൽ സ്ഥിരതയുള്ള പുരോഗതി കൈവരിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും വി. പി. നന്ദകുമാർ പറഞ്ഞു. മണപ്പുറത്തിനു കീഴിലുള്ള ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡ് ആസ്തി മൂല്യത്തിൽ 44.6 ശതമാനം വളർച്ചയോടെ 10,140.6 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ പാദത്തിൽ 7,012.5 കോടി രൂപയായിരുന്നു. ഭവനവായ്പാ സബ്സിഡിയറിയായ മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡും സ്ഥിരതയുള്ള ആസ്തി വർധന നേടി. മുൻ വർഷത്തെ അപേക്ഷിച്ച് 37.5 ശതമാനം വർധനയോടെ ആസ്തി മൂല്യം 1,202.6 കോടി രൂപയിലെത്തി. വാഹനഉപകരണ വായ്പാ വിഭാഗത്തിന്റെ ആസ്തി 59.8 ശതമാനം വർധിച്ച് 2,804.9 കോടി രൂപയിലുമെത്തി. കമ്പനിയുടെ സംയോജിത ആസ്തിയുടെ 44 ശതമാനം സ്വർണ വായ്പാ ഇതര ബിസിനസുകളിൽ നിന്നാണ്. സബ്സിഡിയറികൾ ഉൾപ്പെടാതെയുള്ള കമ്പനിയുടെ ശരാശരി കടമെടുക്കൽ പലിശ നിരക്ക് 8.3 ശതമാനമായി. മുൻവർഷം 7.5 ശതമാനമായിരുന്നു. മൊത്ത നിഷ്ക്രിയ ആസ്തി 1.4 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി 1.2 ശതമാനവുമാണ്. 2023 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിയുടെ സംയോജിത അറ്റ മൂല്യം 10,078.7 കോടി രൂപയാണ്. ഓഹരിയുടെ ബുക്ക് വാല്യു 119.1 രൂപയും മൂലധന പര്യാപ്തതാ അനുപാതം 30.5 ശതമാനവുമാണ്. 61 ലക്ഷം ഉപഭോക്താക്കളുള്ള കമ്പനിയുടെ, എല്ലാ സബ്സിഡിയറികളും ഉൾപ്പെടെയുള്ള സംയോജിത കടം 28,533.4 കോടി രൂപയിൽ നിലനിർത്താൻ കഴിഞ്ഞുവെന്നും വി. പി. നന്ദകുമാർ പറഞ്ഞു.

# പ്രൈം മിനിസ്റ്റർ നാഷണൽ അപ്പന്റിസ്മേള

**കൊച്ചി:** അപ്രന്റിസ് ആക്ട് 1961 അനുസരിച്ച് നടപ്പാക്കുന്ന അപ്പ്രെന്റിസ്ഷിപ് ട്രെയിനിംഗ് പദ്ധതി കൂടുതൽ സ്ഥാപനങ്ങളേയും അപ്രന്റിസുകളേയും ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനായി ജില്ലയിൽ പ്രൈം മിനിസ്റ്റർ നാഷണൽ അപ്പന്റിസ്മേള കളമശ്ശേരി ആർ ഐ സെന്ററിൽ ഓഗസ്റ്റ് 14 ന് ജില്ലാ എംപ്ലോയിമെന്റ് ഓഫീസർ ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മുനിസിപ്പൽ കൗൺസിലർ നെഷീദ സലീം അധ്യക്ഷത വഹിക്കും. രജിസ്ട്രേഷൻ രാവിലെ ഒമ്പതു മുതൽ. കൂടുതൽ വിവരങ്ങൾക്ക് 04842555866,/ 9446326442/ 9446945175 നമ്പറുകളിൽ ബന്ധപ്പെടാം. rickalamassery@gmail.com ഇമെയിലിൽ അറിയിക്കാം.

# അശോക് ലൈലാന്റിന്റെ ഡ്രീം ഡ്രൈവ് കൊച്ചിയിലെത്തി




**കൊച്ചി:** അശോക് ലൈലാന്റിന്റെ 75ാം വാർഷിക ആഘോഷത്തോടനുബന്ധിച്ചുള്ള ( ഡ്രീം ഡ്രൈവിന്റെ ഭാഗമായി കമ്പനിയുടെ ബഡാദോസ്ത് & അവ്താർ 4825 വാഹനങ്ങൾ കൊച്ചിയിലെത്തി. ബംഗളൂരുവിൽ നിന്ന് തുടങ്ങിയ ഡ്രീം ഡ്രൈവാണ് കൊച്ചിയിലെത്തിയത്. ഇവിടെ നിന്ന് തിരുവനതപുരത്തേക്ക് നീങ്ങുന്ന ഡ്രീം ഡ്രൈവ് മധുരൈ, ട്രിച്ചി, കോയമ്പത്തൂർ, ശങ്കഗിരി, നാമക്കൽ, സേലം, വെല്ലൂർ, ചെന്നൈ എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് തമിഴ്നാട് എന്നൂരിലെ മാനുഫാക്ചറിങ് ഫാക്ടറിയിൽ സമാപിക്കും. ആകെ 10 വാഹനങ്ങളാണ് ഡ്രീം ഡ്രൈവിലുാകുക. അഞ്ച് വ്യത്യസ്ത റൂട്ടുകളിലായി രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിക്കുന്ന ഡ്രൈവ് ബംഗളൂരു, മുംബൈ, ജമ്മു, കൊൽക്കത്ത, ദിബ്രുഗഡ് എന്നിവിടങ്ങളിൽ നിന്നാണ് ആരംഭിച്ചത്. രാജ്യത്തെ പ്രധാന സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് അശോക് ലൈലാന്റിന്റെ നിർമാണ പ്ലാന്റുകളിൽ ഡ്രീം ഡ്രൈവ് അവസാനിക്കും.

# ഓറൽ ഹൈജീൻ ദിനം ആചരിച്ചു



**കൊച്ചി:** സവീത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ആൻഡ് ടെക്നിക്കൽ സയൻസസിലെ സവീത ഡെന്റൽ കോളേജ് പെരിയോഡോക്സ് വിഭാഗം ഇന്ത്യൻ സൊസൈറ്റി ഓഫ് പെരിയോഡോന്റോളജിയുമായി കൈകോർത്ത് ഓറൽ ഹൈജീൻ വാരാഘോഷം സംഘടിപ്പിച്ചു.. പ്ലാസ്റ്റിക് ടൂത്ത് ബ്രഷുകളിൽ നിന്ന് മുളയിൽ നിന്ന് നിർമിക്കുന്ന ടൂത്ത് ബ്രഷുകളിലേക്കുള്ള മാറ്റത്തെ സ്വീകരിച്ചുകൊ് 'ഇക്കോഡോിസ്റ്റ് ആകുക'.എന്നതാണ് ഈ വർഷത്തെ തീം. ചടങ്ങിൽ മുളകൊുള്ള ടൂത്ത് ബ്രഷുകൾ, ടൂത്ത് പേസ്റ്റ് സാമ്പിളുകൾ, വിജ്ഞാനപ്രദമായ ലഘുലേഖകൾ എന്നിവ രോഗികൾക്ക് വിതരണം ചെയ്തു. അതോടൊപ്പം വായുടെ ആരോഗ്യത്തിന് പരിസ്ഥിതിക്ക് അനുയോച്യമായ വിദ്യകൾ പിന്തുടരാനും രോഗികളെ പ്രോത്സാഹിപ്പിച്ചു. 'ഗ്രീൻ ഇന്നൊവേറ്റീവ് ഐഡിയകൾ' പ്രോത്സാഹിപ്പിക്കുവാൻ വിജ്ഞാനപ്രദമായ പ്രഭാഷണങ്ങളും മത്സരങ്ങളും പരിപാടിയിൽ സംഘടിപ്പിച്ചു. ദന്തചികിത്സയിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് സുസ്ഥിരമായ ബദലുകൾ അവതരിപ്പിച്ചു. ഓഗസ്റ്റ് 15 വരെ നീളുന്ന പരുപാടുകളാണ് സംഘടിപ്പിച്ചിരിക്കുന്നത്.

## ഡാറ്റാ സെന്റർ, ക്ലൗഡ് സേവനങ്ങൾ ശക്തമാക്കൽ: വി ബിസിനസ് യോട്ട സഹകരണം

**കൊച്ചി:** സ്ഥാപനങ്ങൾക്കായുള്ള ഡാറ്റാ സെന്റർ, ക്ലൗഡ് സേവനങ്ങൾ കൂടുതൽ ശക്തമാക്കാൻ വോഡഫോൺ ഐഡിയയുടെ സ്ഥാപനങ്ങൾക്കായുള്ള വിഭാഗമായ വി ബിസിനസും യോട്ട ഡാറ്റ സർവീസസും സഹകരിക്കും. ഉന്നത നിലവാരമുള്ള ഡാറ്റാ കേന്ദ്രങ്ങൾ, ക്ലൗഡ് അടിസ്ഥാന സൗകര്യങ്ങൾ, സേവന വിതരണ ശേഷി എന്നിങ്ങനെയുള്ള യോട്ടയുടെ സവിശേഷതകൾ വി ബിസിനസിൻറെ വിപുലമായ വിപണി സാന്നിധ്യത്തിനു സഹായകമാകും. വി ബിസിനസ് ഉപഭോക്താക്കൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായ സേവനങ്ങളും സ്ഥാപനങ്ങളും തെരഞ്ഞെടുക്കാനും ഇതു സഹായകമാകും. ഓരോ സ്ഥാപനത്തിൻറേയും സവിശേഷമായ ആവശ്യങ്ങൾ കണക്കിലെടുത്തും ചെലവു കുറഞ്ഞ രീതിയിലും അവരുടെ ഡിജിറ്റൽ മാർഗത്തിനാവശ്യമായുള്ള സേവനങ്ങൾ ലഭ്യമാക്കാനാണ് ഈ സഹകരണത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് വി കണക്ടിവിറ്റി, സെക്യൂരിറ്റി, ക്ലൗഡ് ആൻറ് ബിസിനസ് ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് റോചക് കപൂർ പറഞ്ഞു. ഏറ്റവും ചെറിയ ബിസിനസുകൾ മുതൽ വൻകിട സ്ഥാപനങ്ങൾ വരെയുള്ളവർക്ക് ലോകോത്തര സേവനങ്ങൾ ലഭ്യമാക്കാൻ വി ബിസിനസുമായുള്ള യോട്ടയുടെ സഹകരണം വഴി സാധ്യമാകുമെന്ന് യോട്ട ഡാറ്റ സർവീസസ് സ്ഥാപകനും മാനേജിങ് ഡയറക്ടറുമായ സുനിൽ ഗുപ്ത പറഞ്ഞു.

# പുതിയ ഇലക്ട്രിക് സ്കൂട്ടർ 450S പുറത്തിറക്കി ഏഥർ എനർജി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രിക് സ്കൂട്ടർ നിർമ്മാതാക്കളായ ഏഥർ എനർജി, തങ്ങളുടെ ഏറ്റവും കൂടുതൽ വിൽപ്പനയുള്ള 450 പ്ലാറ്റ്ഫോമിൽ നിർമ്മിക്കുന്ന പുതിയ **450S** ഉം പുതുക്കിയ **450X** ഉം പുറത്തിറക്കി.ഇന്ത്യയിലെ ആദ്യത്തെ ഉലലുഢശലംഠങ ഡിസ്പ്ലേ ഉൾപ്പെടെ, ഇരുചക്രവാഹന മേഖലയിൽ ഇതുവരെ കാണാത്ത പുതിയ സുരക്ഷാ, പ്രകടന ഫീച്ചറുകൾ നിറഞ്ഞതാണ് ഇതെന്നും ഏഥർ എനർജി ചീഫ് ബിസിനസ് ഓഫിസർ രവ്നീത് എസ് പോഖല വാർത്താ സമ്മേളനത്തിൽ പറഞ്ഞു.2.9 സണവ ബാറ്ററി ശേഷി, 115 കി.മീ. IDC റേഞ്ച്, 3.9 സെക്കന്റിൽ 040 ആക്സിലറേഷൻ, 90 km/h എന്ന ഉയർന്ന വേഗത എന്നിവയോടെയാണ് 450S വരുന്നത്.

DeepViewTM ഡിസ്പ്ലേ, പുതിയ സ്വിച്ച് ഗിയർ, FallSafe-™, എമർജൻസി സ്റ്റോപ്പ് സിഗ്നൽ (ESS), കോസ്റ്റിംഗ് റീജെൻ എന്നിവയുൾപ്പെടെ നിരവധി പുതിയ മാറ്റങ്ങളോടെയാണ് ഇത് വരുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇത് 7% വരെ മെച്ചപ്പെട്ട റേഞ്ച് നൽകുന്നു. 1.5കി.മീ/മിനിറ്റ് വേഗതയിൽ 450S ചാർജ് ചെയ്യാൻ ഉപയോക്താക്കൾക്ക് ഏഥർ ഗ്രിഡ് ഫാസ്റ്റ് ചാർജറുകൾ ഉപയോഗിക്കാം. നിലവിലുള്ള മോഡലായ **450X,** ഈ അപ്ഗ്രേഡുകളെല്ലാം ഉള്ളതും, ഇപ്പോൾ 115 കിലോമീറ്ററിനും 145 കിലോമീറ്ററിനും ഇടയിൽ റേഞ്ച് തിരഞ്ഞെടുക്കാനുള്ള ഓപ്ഷൻ നൽകുന്നതുമാണ്. **450S, 450X** എന്നിവയിൽ ഉപയോക്താക്കൾക്ക് പ്രധാന കോൺഫിഗറേഷന് മുകളിൽ പ്രോ പാക്ക് തിരഞ്ഞെടുക്കാനുള്ള ഓപ്ഷൻ ഉണ്ട്. അത് റൈഡ് അസിസ്റ്റ്, ഏഥർ ബാറ്ററി പ്രൊട്ടക്റ്റ്, ഏഥർ സ്റ്റാക്ക് അപ്ഡേറ്റുകൾ, ഏഥർ കണക്റ്റ് (3 വർഷത്തേക്ക് സൗജന്യം) എന്നിവ നൽകുന്നു.തങ്ങളുടെ പുതുക്കിയ പോർട്ട്ഫോളിയോ സമാരംഭിക്കുന്നതോടെ, 450 പ്ലാറ്റ്ഫോമിൽ വ്യത്യസ്ത വില വിഭാഗങ്ങളിലായി ഇപ്പോൾ മൂന്ന് സ്കൂട്ടറുകൾ ഉണ്ടെന്നും ഇത് തങ്ങളെ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാൻ അനുവദിക്കുമെന്നും ഏഥർ എനർജി കോ-ഫൗണ്ടർ ആന്റ് സിഇഒ തരുൺ മേത്ത പറഞ്ഞു. ഏറ്റവും പുതിയ എൻട്രി ലെവൽ വേരിയന്റായ 450S, 125 സിസി പെർഫോമൻസ് സ്കൂട്ടർ വിഭാഗത്തിൽ



ആദ്യമായി DeepViewTM ഡിസ്പ്ലേ ഡാഷ്ബോർഡും ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു കൂട്ടം നൂതനമായ ഫീച്ചറുകളും വാഗ്ദാനം ചെയ്തുകൊണ്ട് മാറ്റം സൃഷ്ടിക്കുന്നു. **450S** യാത്രയുടെ സുഖത്തിന്റെയും സുരക്ഷയുടെയും കാര്യത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. ഇലക്ട്രിക് സ്കൂട്ടറുകൾ വാങ്ങാൻ ആഗ്രഹിക്കുന്ന, ആക്സസ് ചെയ്യാവുന്ന വിലയിൽ ഏഥർ സ്കൂട്ടറുകൾ നൽകുന്ന ഗുണനിലവാരവും ഉറപ്പും ആഗ്രഹിക്കുന്ന എല്ലാവരെയും **450S** ആകർഷിക്കും. **450S**നൊപ്പം **3kWh, 4kWh** ശേഷിയുള്ള **450X**ഉം തങ്ങൾ അവതരിപ്പിക്കുന്നുവെന്നും തരുൺ മേത്ത പറഞ്ഞു.1000:1 കോൺട്രാസ്റ്റ് അനുപാതം ഉള്ള 7 ഇഞ്ച് DeepViewTM ഈ മേഖലയിൽ ആദ്യമായി ഓട്ടോബ്രൈറ്റ്നസ് അവതരിപ്പിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആയുർവേദം ഡിഗ്രി കോഴ്സുകൾ

**തിരുവനന്തപുരം:** കണ്ണൂർ പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളജിൽ കേരള ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്) അംഗീകരിച്ച ബി.എസ്.സി. നേഴ്സിംഗ്(ആയുർവേദം), ബി.ഫാം(ആയുർവേദം) എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. www.lbscetnre.kerala.gov.in വഴി ഓൺലൈനായി ആഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 4 വരെ അപേക്ഷിക്കാം.അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 600 രൂപയും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 300 രൂപയുമാണ്. അപേക്ഷകർക്ക് ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ ഫീസ് ഒടുക്കാം. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി **www.lbscetnre.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ ആപ്ലിക്കേഷൻ നൽകുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യാം. പ്ലസ്ടു ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിച്ചവർ പ്രവേശനത്തിന് അർഹരാണ്. എസ്.ഇ.ബി.സി വിഭാഗക്കാർക്ക് 45 ശതമാനം മാർക്ക് മതിയാകും. എസ്.സി/എസ്.ടി അപേക്ഷകർ പാസ്സായാൽ മതി. കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ ഹയർ സെക്കൻഡറി പരീക്ഷക്ക് തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. ഫോൺ:04712560363, 364.

# സിയാൽ നോളജ് ഫോറം 'വിപസ്യ' ക്ക് തുടക്കമായി




**കൊച്ചി:** സിയാലിലെ നോളജ് ഫോറം 'വിപസ്യ', പ്രശസ്ത സംരംഭകനും ലോകസഞ്ചാരിയും കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമായ സന്തോഷ് ജോർജ് കുളങ്ങര ഉദ്ഘാടനം ചെയ്തു. ലോകയാത്രികനാവുന്നതിന് മുമ്പ്, എന്റെ യാത്രകൾ തുടങ്ങിയത് ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമാണെന്ന്ഉദ്ഘാടനശേഷം സിയാൽ ജീവനക്കാരുമായി സംവദിക്കവേ സന്തോഷ് ജോർജ്ജ് കുളങ്ങര പറഞ്ഞു.ഒരു യഥാർത്ഥ സഞ്ചാരിയുടെ ആദ്യയാത്രകൾ അവരുടെ മാതൃരാജത്തിൽ നിന്നുമാണ് തുടങ്ങേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആധുനിക സാങ്കേതികവിദ്യയുടെ കഴിവുകൾ പ്രയോജനപ്പെടുത്തേതിന്റെ ആവശ്യകതയും പ്രാധാന്യവും, അതെങ്ങനെ നമ്മുടെ യാത്രകളെ ലളിതവും സുഗമവുമാക്കുന്നുവെന്നും 140 ഓളം രാജ്യങ്ങൾ സന്ദർശിച്ച അനുഭവപരിചയത്തിൽ നിന്നും അദ്ദേഹം വിശദീകരിച്ചു. 300 ഓളം പേർ പങ്കെടുത്ത പരിപാടിയുടെ സംവാദവേളയിൽ നിരവധി മികച്ച ആശയങ്ങളും ഉയർന്നു വന്നു. സിയാലിൽ കലാസാഹിത്യ, സാങ്കേതിക മേഖലകളിലെ വിജ്ഞാന വിനിമയത്തിനുള്ള വേദിയാണ് വിപസ്യ.എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി. കെ. ജോർജ്, ജയരാജൻ വി., എയർപോർട്ട് ഡയറക്ടർ മനു ജി., സി.എഫ്.ഒ സജി ഡാനിയേൽ, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് അസിസ്റ്റന്റ് ജനറൽ മാനേജർ പി. എസ്. ജയൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

